www.malankaralibrary.com

"ദൈവമേ ഞങ്ങൾ നിന്റേതാകുന്നു. നിനക്കായി ഞങ്ങൾ വേർതിരിക്കപ്പെട്ടിരിക്കുന്നു" (ഗിരിദീപം)

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

THE SYRO MALANKARA CATHOLIC CHURCH - DIOCESE OF MUVATTUPUZHA

2023 | മൂവാറ്റുപുഴ ഭദ്രാസനം | 93-ാമത് പുനരൈക്യ വാർഷിക സ്പെഷ്യൽ സപ്ലിമെന്റ്

# 93-ാമത് പുനരൈക്യ വാർഷികവും സഭാസംഗമവും

## മൂവാറ്റുപുഴയിൽ


(മാർ ഈവാനിയോസ് നഗർ)

2023 സെപ്റ്റംബർ 20, 21 (ബുധൻ, വ്യാഴം)





## പിതൃമൊഴി



**മ**ലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യ പ്രസ്ഥാനം 93 സുവർണ വർഷങ്ങൾ പിന്നിടുകയാണ്. പരിശുദ്ധാത്മ നടത്തിപ്പിൽ സമാധാന പൂർണ്ണമായ എന്നാൽ ചടുലമായ വളർച്ചയുടെ പാതയിൽ ഈ സഭാസമൂഹം ഒരു നൂറ്റാണ്ടോളം പൂർത്തിയാക്കുന്നു എന്നത് ദൈവ സന്നിധിയിൽ എത്ര നന്ദി പറഞ്ഞാലും മതിയാകാത്ത കാര്യമാണ്. ഇത് ചരിത്രത്തിലുണ്ടായ മുറിവുകൾക്ക് സ്വർഗ്ഗം നൽകിയ ഔഷധമാണ്. സഭാഗാത്രം എന്നും ഒന്നായിരിക്കാനുള്ള പരിശുദ്ധാത്മാവിന്റെ ആഗ്രഹത്തിന്റെ പ്രതിഫലനമാണ്. തർക്കവിതർക്കങ്ങളും വ്യവഹാരങ്ങളുമല്ല സ്നേഹവും സമാധാനവുമാണ് തീർത്ഥാടക സഭയ്ക്ക് ഉചിതം എന്ന ഓർമ്മപ്പെടുത്തലാണ് ഈ ഐക്യശുശ്രൂഷയ്ക്ക് മർമ്മമായി നിൽക്കുന്നത്.

അസമാധാനത്തിന്റെയും വിഭജനത്തിന്റെയും ആലാത്തുകൾ വലിച്ചുകെട്ടിയ 1653-ലെ കൂനൻ കുരിശു സത്യത്തിന്റെ മാറ്റൊലികൾ ഭാരതസഭയുടെ ചരിത്രത്തിൽ ഒന്നിനുപുറകെ ഒന്നായി അനേകം വിഭജനങ്ങൾക്ക് കാരണമായി. ഒന്നായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ പല സഭകളിലായി ഇന്ന് നിലകൊള്ളുന്നത് കൂനൻ കുരിശിലെ പ്രഖ്യാപനാനന്തരമുണ്ടായ അനേക കാരണങ്ങളാലാണ്. സാർവ്വത്രിക സഭാകൂട്ടായ്മയിൽ നിന്നുമുള്ള വേർപിരിയൽ മലങ്കര സഭയ്ക്കുണ്ടാക്കിയ മുറിവുകളും വേദനകളും തിരിച്ചറിഞ്ഞ മലങ്കര സഭാപിതാക്കന്മാരും സഭാമക്കളും വിഭജനം നടന്ന് ഏറെക്കാലം കഴിയുന്നതിനു മുൻപുതന്നെ ഐക്യത്തിനായി രംഗത്തുവന്നിരുന്നുവെന്നത് ചരിത്രം!

300 വർഷക്കാലത്തെ നിരന്തരമായ ഈ പരിശ്രമങ്ങളെ ഫലപ്രാപ്തിയിൽ എത്തിക്കുവാനുള്ള അസുലഭ ഭാഗ്യവും അതുല്യ നിയോഗവുമാണ് 1930 സെപ്റ്റംബർ 20-ന് മാർ ഈവാനിയോസ് എന്ന മലങ്കര സൂര്യതേജസ്സിലേക്ക് കൃപയായി ഒഴുകിയെത്തിയത്. കൂടെ നിന്നവരും പ്രോൽസാഹിപ്പിച്ചവരും വിവിധ കാരണങ്ങളാൽ പിന്മാറിയപ്പോഴും വിമർശന ശരങ്ങൾ തൊടുത്തപ്പോഴും ദൈവബന്ധത്തിന്റെ അടിത്തറയിൽ ഉറച്ച കാൽവയ്പ്പോടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മുന്നോട്ടു നീങ്ങി. ആ തീരുമാനത്തിന്റെ ദൈവിക ഭാവവും ശരിയും 93 വർഷക്കാലത്തെ നമ്മുടെ സഭയുടെ വളർച്ചയിലൂടെ ദൈവം നമുക്കു ബോധ്യപ്പെടുത്തിത്തന്നു. നമ്രശിരസ്കരായി നമുക്ക് കർത്താവിന് നന്ദിപറയാം.


സ്വാതന്ത്ര്യം എപ്പോഴും കൂടുതൽ ഉത്തരവാദിത്വം ആവശ്യപ്പെടുന്നു. വളർച്ച എപ്പോഴും കൂടുതൽ കൂട്ടുത്തരവാദിത്വം ആവശ്യപ്പെടുന്നു. വിശ്വാസവും സഭാജീവിതവുമൊക്കെ വിമർശനാത്മകമായി ചർച്ച ചെയ്യപ്പെടുകയും അത് അകൽച്ചകൾക്ക് കാരണമാവുകയും ചെയ്യുന്ന സമകാലിക സമൂഹത്തിൽ 'ഐക്യം' എന്നത് ഒരു 'ഗോൾഡൻ' വാക്കാണ്. ഭിന്നതകളുടേയും ഉതപ്പുകളുടെയും വിഷമസന്ധിയിൽ ഐക്യം ഒരു സുവർണ്ണ നിയമമാണ്. ഇനിയൊരിക്കലും ഒന്നിന്റേയും പേരിൽ വിഭജിതരാവാതിരിക്കുക എന്നത് പുനരൈക്യ പ്രസ്ഥാനത്തിന്റെ മക്കളുടെ കടമയാണ്. സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ നമുക്കു പരിശ്രമിക്കാം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തൊണ്ണൂറ്റിമൂന്നാം പുനരൈക്യ വാർഷികവും സഭാസംഗമവും 2023 സെപ്റ്റംബർ 20, 21 തീയതികളിൽ മൂവാറ്റുപുഴയിൽ വച്ച് നടത്തപ്പെടുന്നു. തദവസരത്തിൽ സഭാമക്കളേവരുടേയും പ്രാർത്ഥനയും സാന്നിദ്ധ്യവും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. മുവാറ്റുപുഴയിൽ വച്ച് നടക്കുന്ന പുനരൈക്യ വാർഷികാഘോഷത്തിനും സഭാ സംഗമത്തിനും എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് & തിരുവനന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ.

## സഭാസംഗമ ഭൂമികയിലേയ്ക്ക് സുസ്വാഗതം

**ബിഷപ്പ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്**
(മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷൻ)



**സ**ത്യത്തിന്റെ അക്ഷരകൂട്ടുകളാണ് ചരിത്രത്തിന്റെ ഇതിവൃത്തം. ചരിത്രനിയോഗങ്ങൾ ദൈവകല്പിതവും. ആഗോളസഭാചരിത്രത്തിൽ തന്നെ, 1930 സെപ്റ്റംബർ 20-ന് ആർച്ചുബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന മലങ്കര സഭയുടെ സാർവ്വത്രിക സഭാകൂട്ടായ്മയിലേയ്ക്കുള്ള പ്രവേശനം ദൈവീകഇടപെടലിന്റെ അത്യപൂർവ്വമായ ഒരു നേർകാഴ്ചയാണ്. തിരെഞ്ഞടുക്കപ്പെട്ടതും, ചെറിയ അജഗണവുമായിരുന്ന ഇസ്രായേൽ മക്കളോടെന്നവണ്ണം മലങ്കര സുറിയാനി കത്തോലിക്കാ സഭയെ കാരുണ്യവാനായ ദൈവം കൺമണിപോലെ കാത്തുപരിപാലിച്ചു. വളർച്ചയുടെ വഴികളിൽ, 2003-ൽ തിരുവല്ല അതിഭദ്രാസനത്തിന്റെ കാനോനികമായ വിഭജനത്തിലൂടെ മൂവാറ്റുപുഴ ഭദ്രാസനം രൂപീകൃതമായി. 93-ാം പുനരൈക്യവാർഷികത്തിനും, സഭാസംഗമത്തിനും വീണ്ടും മൂവാറ്റുപുഴ ഭദ്രാസനം വേദിയാകുമ്പോൾ അത് ചരിത്രനിയോഗനാളാഗമത്തിലെ മറ്റൊരു തുവൽസ്പർശമാകുകയാണ്. നിറമനസ്സോടെ, കൂപ്പുകരങ്ങളോടെ, എല്ലാ മലങ്കരമക്കളെയും അതിഥികളെയും മൂവാറ്റുപുഴ ഭദ്രാസനത്തിലെ മക്കൾ ഒന്നുചേർന്നു സ്വാഗതം ചെയ്യുന്നു.

സ്വഭാവത്തിൽ പ്രേഷിതയായ തിരുസഭയുടെ അടിസ്ഥാന ശുശ്രൂഷകളിലൊന്നാണ് പുനരൈക്യ പ്രേഷിതപ്രവർത്തനം. സുവിശേഷവും, സഭാപ്രബോധനങ്ങളും അതിന്റെ അടിത്തറകളാണ്. അതിനാൽ തന്നെ, പുനരൈക്യ സംഭവങ്ങൾ ദൈവീകവും കാലാതീതവും ചരിത്രാതീതവുമാണ്. സഭകളുടെ ഭിന്നിപ്പ് ദിവ്യനാഥന്റെ ഹൃദയത്തെ അഗാധമായി മുറിപ്പെടുത്തുന്ന ഘനമായ പാപമാണെന്നുള്ളതിന് സംശയമില്ല" *(മാർ ഈവാനിയോസ്-ഗിരിദീപം 11: 21)*. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുനരൈക്യവാർഷികാഘോഷത്തിന്റെ സാംഗത്യം ഇതിൽ നിന്ന് സുവിദിതം. അതെ, പുനരൈക്യസത്യങ്ങൾ ഓർമ്മിക്കപ്പെടണം, ആഘോഷിക്കപ്പെടണം, ആവർത്തിക്കപ്പെടണം. അതുവഴി "ഒരു തൊഴുത്തും ഒരിടയനും" എന്ന സുവിശേഷവെളിച്ചത്തിലേയ്ക്ക് ദൃഷ്ടികൾ തിരിയണം. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ വാതായനങ്ങൾ അതിനായി തുറന്നിട്ടിരിക്കുന്നു. എല്ലാവർക്കും സ്വാഗതം!

ഇടുക്കിയുടെ വന്യസുന്ദരമായ ഭൂപ്രദേശം, വ്യവസായിക കേരളത്തിന്റെ തിലകകുറിയായ എറണാകുളം, സാംസ്ക്കാരിക കേരളത്തിന്റെ വർണ്ണപൊലിമ വിളിച്ചറിയിക്കുന്ന തൃശ്ശൂർ, മലയാളക്കരയുടെ നെല്ലറയെന്ന് വിശേഷിപ്പിക്കപ്പെടുന്ന പാലക്കാട്, തമിഴകത്തിന്റെ വസ്ത്ര-യന്ത്ര വിപണികളുടെ തലസ്ഥാനമായ കോയമ്പത്തൂർ ഇവ ചേർത്തു വരച്ചാൽ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആവാസ പരിധി നിർണ്ണയിക്കാൻ കഴിയും.

പ്രകൃതിരമണീയത കൊണ്ടും, സുറിയാനി സഭാ പാരമ്പര്യങ്ങളുടെ വൈശിഷ്ട്യത്താലും, സാമൂഹിക-രാഷ്ട്രീയ വൈവിധ്യങ്ങളാലും പുകൾപെറ്റ മൂവാറ്റുപുഴ സഭാസംഗമ വേദിയാകുക അഭിമാനകരം തന്നെ. കോതയാർ, കാളിയാർ, മൂവാറ്റുപുഴയാർ ഇവകളുടെ സംഗമഭൂമിയിലേയ്ക്ക് ഏവരെയും സഹർഷം വരവേൽക്കുന്നു!

ഭാരതത്തിന്റെ അപ്പോസ്തോലനായ തോമാശ്ലീഹായുടെ പാദമുദ്രകൾ ഏറ്റുവാങ്ങിയ കൊടുങ്ങല്ലൂർ, മലയാറ്റൂർ, വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ വിശുദ്ധി തൊട്ടറിഞ്ഞ കടൽതീരങ്ങൾ, വിശുദ്ധിയുടെ വെളിച്ചം വീശിയ ഒല്ലൂരിന്റെ സ്വന്തം വിശുദ്ധയായ എവുപ്രാസ്യാമ്മ, കുഴിക്കാട്ടുശ്ശേരിയിലെ കുടുംബ പ്രേഷിതയായ മറിയം ത്രേസ്യാ വിശുദ്ധ ചാവറ കുര്യക്കോസച്ചന്റെ കർമ്മമണ്ഡലം, കാതങ്ങളുടെ മാത്രം അകലമുള്ള അൽഫോസമ്മാ പുണ്യവതിയുടെ സ്മൃതി പഥങ്ങൾ. അതോടൊപ്പം, ദൈവദാസൻമാരുടെയും വാഴ്ത്തപ്പെട്ടവരുടെയും നിരവധി മാതൃകകൾ സൗരഭ്യം വരുത്തുന്ന മൂവാറ്റുപുഴ ഭൂമികയിലേയ്ക്ക് കടന്നുവന്നാലും!

സാർവത്രിക സഭയുടെ വൈവിധ്യത്തിന്റെ സൗന്ദര്യം വിളിച്ചോതുന്ന സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭയുടെ നിറസാന്നിധ്യം, ഓർത്തഡോക്സ്, യാക്കോബായ, മർത്തോമ, സി.എസ്.ഐ, കൽദായ സുറിയാനി, തൊഴിയൂർ തുടങ്ങിയ സഭകളുടെ നേർക്കാഴ്ചകൾ, ഇവയൊക്കെ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ വിശ്വാസവഴിയിലെ മനോഹര കാഴ്ചകൾ തന്നെ. മതസൗഹാർദ്ദത്തിന്റെ നിറവുകളായ ക്രൈസ്തവ, ഹിന്ദു, ഇസ്ലാം, യഹൂദ മതങ്ങളുടെ വിശ്വാസങ്ങളുടെ പ്രാർത്ഥനാമന്ത്രങ്ങളും ഇവിടെ സജീവം. ദൈവസാന്നിധ്യത്തിന്റ ഈ ഈറ്റില്ലത്തിലേയ്ക്ക് കടന്നുവന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

"ഇന്ത്യയെ മുഴുവൻ യേശുമിശിഹായുടെ തൃച്ചേവടിക്ക് ആനയിക്കണമെന്നുള്ളത് മാത്രമാണ് എന്റെ സ്വപ്നവും അഭിലാഷവും" *(മാർ ഈവാനിയോസ്: ഗിരിദീപം 11: 96)*.

വൈദിക മന്ദിര കൂദാശ | സുവിശേഷ സന്ധ്യ | ആഘോഷമായ വിശുദ്ധ കുർബ്ബാന (സമൂഹബലി) | വചന സന്ദേശം | പുനരൈക്യ സന്ദേശം | ദൈവശാസ്ത്ര സമ്മേളനം | സംഗമങ്ങൾ

**93-ാമത് പുനരൈക്യ വാർഷിക സഭാസംഗമത്തിന് ആശംസകൾ**

**Edizon G. Varghese**
**Christina Edizon**
Ananda Sadanam
Vennala, Ernakulam

**Shaun Thomas**
**Diana Christy Edison**
**Abigail Mariam Thomas**
Amsterdam, Netherlands

**Dr. Tony E. Joseph**
**Dr. Dilna Christy Edison**
AFMC, Pune

JM COMMUNICATIONS
INS ACCREDITED ADVERTISING AGENCY
Kochi | Thrissur | Bangalore
Mob: 94477 63922 | Email: jmcoms@gmail.com

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സഭ: വളർച്ചയുടെ നേർക്കാഴ്ച

"ഒരിടയനും ഒരു തൊഴുത്തും" എന്ന സുവിശേഷനിയോഗം നെഞ്ചിലേറ്റി പുനരൈക്യ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ യോഗീവര്യനും കിഴക്കിന്റെ സൂര്യതേജസ്സും ഭാരതനൃൂമാനുമായ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഇവാനിയോസ് തിരുമേനിയിലൂടെ ആഗോള സഭയുടെ കൂട്ടായ്മയിലേക്ക് കടന്നുവന്ന ഒരു പൗരസ്ത്യ സഭയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. 1930 സെപ്റ്റംബർ 20ന് പരിശുദ്ധ പതിനൊന്നാം പീയൂസ് മാർപാപ്പയുടെ ആശീർവാദത്തോടെ കൊല്ലം രൂപതാ മെത്രാൻ അഭിവന്ദ്യ അലോഷ്യസ് ബെൻസിഗർ പിതാവിന്റെ മുമ്പാകെ, ആർച്ചുബിഷപ്പ് മാർ ഇവാനിയോസ്, ജേക്കബ് മാർ തെയോഫിലോസ്, ഫാദർ ജോൺ കുഴിനാപ്പുറം, അലക്സാണ്ടർ ശെമ്മാശൻ, ശ്രീമാൻ ചാക്കോ കിളിലേത്ത് എന്നിവർ സത്യപ്രതിജ്ഞ നടത്തി പുനരൈക്യപ്പെട്ടു. 1-ാം നൂറ്റാണ്ട് മുതൽ 16 -ാം നൂറ്റാണ്ട് വരെ ഒരൊറ്റ സഭയായി മലയാളക്കരയിൽ നിലകൊള്ളുകയും, 1653-ലെ കൂനൻകുരിശ് സത്യത്തോടെ വിഭജിതമാകുകയും, നിരന്തര പുനരൈക്യ പരിശ്രമങ്ങളിലൂടെ ഏതാണ്ട് 300 വർഷത്തിന് ശേഷം ഐക്യം പുനസ്ഥാപിക്കുകയും ചെയ്ത ചരിത്ര നിമിഷത്തിന്റെ വാർഷികം. അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിന്റെ വൈശിഷ്ട്യം, പരിശുദ്ധ പാരമ്പര്യങ്ങളുടെ തുടർച്ച, 24 റീത്തുകളാൽ സമ്പന്നമായ കാതോലികവും ശ്ലൈഹീകവും ഏകവും വിശുദ്ധവുമായ സഭാകൂട്ടായ്മ ഇവയൊക്കെ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ശ്രേഷ്ഠയും അതുല്യയുമാക്കുന്നു. "അഞ്ച് അപ്പം കൊണ്ട് അയ്യായിരങ്ങളെ" എന്നപോലെ, 5 എന്ന കേവലസംഖ്യ ഈ സഭയുടെ ഗണിതമൂല്യ 'ബ്രാൻഡ്' ആയി മാറുന്ന തുടർക്കാഴ്ച വിസ്മയാവഹം തന്നെ!

**ദൈവീക ഇടപെടലിന്റെ സുപ്രധാന നേർക്കാഴ്ചകൾ:**

◆ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി (Christo Pastorum Principi) എന്ന അപ്പസ്തോലിക തിരുവെഴുത്തിലൂടെ 1932 ജൂൺ 11-ന് പതിനൊന്നാം പീയൂസ് മാർപാപ്പ തിരുവനന്തപുരം അതിരൂപതയും തിരുവല്ല രൂപതയും ചേർത്ത് സീറോ മലങ്കര ഹയരാർക്കി സ്ഥാപിച്ചു.

◆ 25 ഫെബ്രുവരി 10-ന് പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ ആബ് ഇപ്സോ സന്തോ തോമ (Ab Ipso Sancto Thoma) എന്ന തിരുവെഴുത്തിലൂടെ ഈ സഭയെ ആഗോള കത്തോലിക്കാസഭയിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. സഭയുടെ തലവനും പിതാവും അതിനാൽ തന്നെ മേജർ ആർച്ച് ബിഷപ്പ് കാതോലിക്ക ബാവയായി. അങ്ങനെ, ആഗോള സഭയിലെ നാല് മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകളിൽ മലങ്കരയും സ്ഥാനം നേടി. സ്വയാധികാരമുള്ള സിനഡൽ സംവിധാനമുള്ള സഭയായി അവൾ ഉയർത്തപ്പെട്ടു.

◆പുണ്യചരിതനും ഐക്യത്തിന്റെ കാവൽക്കാരനും സുവിശേഷപ്രഘോഷകനുമായ മാർ ഇവാനിയോസ് പിതാവിനെ 2007 ജൂലൈ 14-ന് ആഗോള സഭയിൽ ദൈവദാസന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തി. വിശുദ്ധരുടെ നാമകരണം നടപടിയിലെ പ്രഥമ പദവിയാണിത്.

◆2012 മാർച്ച് 10-ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക കാനോനിക നിയമസംഹിത (The Code of Particular Canons of the Syro-Malanakara Catholic Church) പ്രകാശിതമായി. അങ്ങനെ, സഭയുടെ നൈയാമിക വ്യതിരക്തത സ്ഥിരീകരിക്കപ്പെട്ടു.

◆2012 നവംബർ 24ന് മോറാൻ മോർ ബസേലിയോസ് മേജർ ആർച്ച് ബിഷപ്പ് കതോലിക്കാ ബാവാ തിരുമനസ്സിന് പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ കർദിനാൾ പദവി നൽകി. ആഗോള സഭയുടെ പരമാധ്യക്ഷനെ തിരഞ്ഞെടുക്കുന്നവരുടെ ഗണത്തിൽ അങ്ങനെ മലങ്കരസഭയും ഉൾപ്പെട്ടു.

◆കൈവയ്പ്പ് ലഭിച്ച 2000-ത്തിലധികം വരുന്ന അല്മായ സുവിശേഷസംഘാംഗങ്ങൾ, മലയാളം, തമിഴ്, കന്നഡ, ഹിന്ദി, പഞ്ചാബി, ഒറിയ, തെലുങ്ക്, മറാത്തി, ആസാമീസ്, ഇറ്റാലിയൻ, ഇംഗ്ലീഷ്, ജർമ്മൻ തുടങ്ങിയ ഭാഷകളിൽ ആരാധിക്കുന്ന ദൈവജനസമൂഹം ഇവയൊക്കെ മലങ്കര സഭയുടെ സമ്പന്നത വിളിച്ചറിയിക്കുന്നു.

**വിസ്മയ വഴികളിലൂടെ**

**സഭാതലവന്മാർ:**

◆ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത 1930-1953

◆ ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത 1953-1994

◆ മേജർ ആർച്ച് ബിഷപ്പ് കാതോലിക്കോസ് മോറോൻ മോർ സിറിൽ ബസേലിയോസ്- 1995-2007

◆മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ് മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് - 2007

**രൂപതകളും മേലധ്യക്ഷൻമാരും:**

◆ തിരുവനന്തപുരം മേജർ അതിഭദ്രാസനം - 1932
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ മേജർ ആർച്ചുബിഷപ്പ് കതോലിക്കാബാവാ
മോസ്റ്റ് റവ. ഡോ. മാത്യൂസ് മാർ പോളിക്കാർപ്പസ് (സഹായ മെത്രാൻ)

◆തിരുവല്ല അതിഭദ്രാസനം-1932
- ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്

◆ബത്തേരി ഭദ്രാസനം - 1978
-മോസ്റ്റ് റവ. ഡോ ജോസഫ് മാർ തോമസ്

◆മാർത്താണ്ഡം ഭദ്രാസനം- 1996
- മോസ്റ്റ് റവ. ഡോ. വിൻസന്റ് മാർ പൗലോസ്

◆മൂവാറ്റുപുഴ ഭദ്രാസനം-2003, അപ്പസ്തോലിക് വിസിറ്റേറ്റർ-യൂറോപ്പ്
- മോസ്റ്റ് റവ. ഡോ യൂഹാനോൻ മാർ തെയഡോഷ്യസ്

◆മാവേലിക്കര ഭദ്രാസനം-2007
- മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

◆പത്തനംതിട്ട ഭദ്രാസനം-2010
- മോസ്റ്റ് റവ. ഡോ. സാമുവേൽ മാർ ഐറേനിയോസ്

◆പുത്തൂർ ഭദ്രാസനം - 2010
- മോസ്റ്റ് റവ. ഡോ. ഗീവർഗ്ഗീസ് മാർ മക്കാറിയോസ്

◆ഗുഡ്ഗാവ് ഭദ്രാസനം - 2015
- മോസ്റ്റ് റവ. ഡോ. തോമസ് മാർ അന്തോണിയോസ്

◆അമേരിക്ക-കാനഡ ഭദ്രാസനം -2016
- മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ്

◆പാറശാല ഭദ്രാസനം - 2017
-മോസ്റ്റ് റവ. ഡോ. തോമസ് മാർ യൗസേബിയൂസ്

◆പൂന-കട്കി ഭദ്രാസനം- 2019
- മോസ്റ്റ് റവ. ഡോ. തോമസ് മാർ അന്തോണിയോസ് (അഡ്മിനിസ്റ്റേറ്റർ)

◆കൂരിയാ മെത്രാൻ, ഓഷ്യാനിയ വിസിറ്റേറ്റർ
- മോസ്റ്റ് റവ. ഡോ. ആന്റണി മാർ സിൽവാനോസ്

◆മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം (എമിരിത്തൂസ്)

◆മോസ്റ്റ് റവ. ഡോ. എബ്രഹാം മാർ ജൂലിയോസ് (എമിരിത്തൂസ്)

ഇതോടൊപ്പം, ഗൾഫ് മേഖലയിൽ സഭാതലവന്റെ നേരിട്ടുള്ള അജപാലന ശുശ്രൂഷയും നിലവിലുണ്ട്. ഭാരതം മുഴുവനും ഭാരതത്തിന് പുറത്തും സുവിശേഷകയായ ഈ സഭയുടെ വളർച്ചയാണ് ഇത് വിളിച്ചറിയിക്കുക.

ഭാഗ്യമോടെ വാഴുന്ന 15 പിതാക്കന്മാരോടൊപ്പം കാലം ചെയ്ത 12 പിതാക്കന്മാരെയും ഇത്തരുണത്തിൽ സഭ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

ബഥനി സന്യാസികൾ, കുരിശുമല ആശ്രമം, ബഥനി സന്യാസിനികൾ, മേരിമക്കൾ സന്യാസിനികൾ ഇവയൊക്കെ മലങ്കര സുറിയാനി സഭയുടെ തനതായ പാരമ്പര്യം നിലനിർത്തുന്ന സഭയുടെ സന്യാസ സമൂഹങ്ങളാണ്. കൂടാതെ, ഓർഡർ മൈനർ കപ്പൂചിൻ, സലേഷ്യൻ ഡോൺ ബോസ്കോ, ഫ്രാൻസിസ്കൻ ബ്രദേഴ്സ്, ധ്യാനാശ്രമം, ശാന്തി ആശ്രമം, ആരാധന മഠം, മൗണ്ട് താബോർ, ഹോളി സ്പിരിറ്റ്, സേക്രട്ട് ഹാർട്ട് സിസ്റ്റേഴ്സ്, ദീനസേവന സഭ, വിൻസൻഷ്യയൻസ്, ഗത്സെമൻ, സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ്, ലിറ്റിൽ സിസ്റ്റേഴ്സ്, എഫ്. ഡി. എസ്. എച്ച്. ജെ മിഷനറീസ്, യൂണിറ്റി സിസ്റ്റേഴ്സ്, ബസിലിയൻസ്, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി തുടങ്ങി നിരവധി സന്യാസ സമൂഹങ്ങൾ ഈ സഭയുടെ ആത്മീയ സമ്പത്ത് ആയി നിലകൊള്ളുന്നു.

മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ, സെന്റ് മേരീസ് മേജർ സെമിനാരി, പുഷ്പഗിരി മെഡിക്കൽ കോളേജ് തുടങ്ങി നിരവധി ആരോഗ്യ കേന്ദ്രങ്ങൾ, മാർ ഈവാനിയോസ് കോളേജ് തുടങ്ങി നൂറ് കണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിരവധി സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ, അഗതി മന്ദിരങ്ങൾ, ഇവയൊക്കെ സഭയുടെ സാമൂഹികവും സാംസ്ക്കാരികവും കാരുണാർദവുമായ മുഖത്തെ സാക്ഷ്യപ്പെടുത്തുന്നു.

**ചാൻസിലർ,**
രൂപതാ കാര്യാലയം

# മൂവാറ്റുപുഴ ഭദ്രാസനം

## ചരിത്രവഴിയിൽ

**2003** ഫെബ്രുവരി 6-ന് പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ തിരുവല്ല അതിഭദ്രാസനം വിഭജിച്ച് മൂവാറ്റുപുഴ ഭദ്രാസനം സ്ഥാപിച്ചു. അഭിവന്ദ്യനായ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത രൂപതയുടെ പ്രഥമ ഇടയനായി നിയമിതനായി. കേരളത്തിലെ ഇടുക്കി എറണാകുളം, തൃശൂർ, പാലക്കാട്, കോയമ്പത്തൂരിന്റെ തിരുപ്പൂർ, ഈറോഡ്, കരൂർ എന്നീ പ്രദേശങ്ങളും ചേരുന്നതാണ് രൂപതയുടെ ആവാസ ആവൃതി.

ഭാഗ്യ സ്മരണാർഹനായ മാർ തെയോഫിലോസ്, മാർ അത്തനാസിയോസ്, മാർ യൂഹാനോൻ, മാർ തിമോത്തിയോസ്, മാർ പീലക്സിനോസ് എന്നീ പിതാക്കന്മാരുടെ പാദമുദ്രകൾ പതിയപ്പെട്ട ഭദ്രാസനം.

### ശ്രേഷ്ഠാചാര്യവഴിയിൽ

◆തോമസ് മാർ കൂറിലോസ് (2003- 2007)
◆എബ്രഹാം മാർ ജൂലിയോസ് (2008-2019)
◆ യൂഹാനോൻ മാർ തെയഡോഷ്യസ് (2019-)

### അഭിമാനത്തോടെ

◆ ഭദ്രാസന ആസ്ഥാനം- വാഴപ്പിള്ളി, മൂവാറ്റുപുഴ
◆ സ്വർഗ്ഗീയ മദ്ധ്യസ്ഥ-പരിശുദ്ധ മറിയം
◆ഭദ്രാസന ദൈവാലയം-വാഴപ്പിള്ളി
മദ്ധ്യസ്ഥൻ- സെന്റ് ജോസഫ്
◆വി. ഷർബേൽ ചാപ്പലും തിരുശേഷിപ്പും (വാഴപ്പിള്ളി)
◆ഗുരുസന്നിധി മൈനർ സെമിനാരി- വാഴപ്പിള്ളി
◆ദർശന പാസ്റ്ററൽ സെന്റർ, പീച്ചി
◆പാസ്റ്ററൽ സെന്റർ - കീഴില്ലം
◆ക്ലെർജി ഹോം (സാൻജോസ്) - വാഴപ്പിള്ളി
◆വിശ്വാസികൾ-3000 കൂടുംബങ്ങൾ
◆വൈദികർ-63
◆പള്ളികൾ/ മിഷനുകൾ -73
◆വൈദികജില്ലകൾ-5 (മൂവാറ്റുപുഴ, പിറവം, കുന്നംകുളം, പീച്ചി, കരിമ്പ)
◆സന്യാസികൾ - 12
◆സന്യാസിനികൾ -83
◆വൈദികവിദ്യാർത്ഥികൾ-14
◆പ്രസിദ്ധീകരണം: വിമലനാദം ബുള്ളറ്റിൻ

### കാരുണ്യവഴിയിൽ

◆സമൃദ്ധി സാമൂഹ്യക്ഷേമവകുപ്പ് - വെങ്ങോല
◆ദിവ്യദർശൻ-അഞ്ഞൂർ **(for mentally disabled)**
◆സ്നേഹാലയം-കുന്നുക്കുരുടി **(for mentally disabled)**
◆ശലോം ഭവൻ (പാലിയേറ്റീവ് കെയർ)
◆സെന്റ് ജൂഡ് ചിൽറൻസ് ഹോം - വടകോട്

### മിഷൻ ശുശ്രൂഷയിൽ

◆കോയമ്പത്തൂർ (കിണത്തുകടവ്, ആവയ്നഗർ, ഉക്കടം, പെള്ളാച്ചി)
◆ ദൈവമാതാ മിഷൻ - മുരിങ്ങൂർ
◆ചാലിശ്ശേരി-കുന്നംകുളം മേഖല
◆ തൊടുപുഴ മിഷൻ

### വിദ്യാഭാസമേഖലയിൽ

◆ മോർ ഈവാനിയൻ കോളേജ് - വടക്കുംചേരി
◆ MSM ITI- പിറവം
◆ വിമലഗിരി പബ്ളിക് സ്കൂൾ, കോതമംഗലം
◆ വിമലഗിരി പബ്ളിക് സ്കൂൾ, കരുവാൻകാട്
◆ സെന്റ് മേരീസ് പബ്ളിക് സ്കൂൾ, കൊമ്പഴ
◆സെന്റ് മേരീസ് ബഥനി സ്കൂൾ, കരിമ്പ
◆ സ്റ്റെല്ല മേരീസ് കോൺവെന്റ് സീനിയർ ഹയർസെക്കണ്ടറി സ്കൂ ൾ, തിരുവാണിയൂർ
◆ സെന്റ് പോൾസ് ഇംഗ്ളീഷ് മീഡിയം സ്കൂൾ, കോലഞ്ചേരി
◆ വിമലഗിരി ഇന്റർനാഷണൽ സ്കൂൾ, വാഴപ്പിള്ളി
◆ സെന്റ് ജോസഫ് & സെന്റ് സിറിൽ ഹയർ സെക്കണ്ടറി സ്കൂൾ, മങ്ങാട്
◆ സെന്റ് ജോസഫ് ഹൈസ്കൂൾ, പിറവം
◆ ബഥനി കോൺവെന്റ് സ്കൂൾ, കുന്നംകുളം
◆സെന്റ് പോൾസ് ഹയർസെക്കണ്ടറി സ്കൂൾ, വെളിയനാട്
◆സെന്റ് ഫിലോമിന ഹൈസ്കൂൾ, തിരുവാണിയൂർ
◆സെന്റ് മേരീസ് യു.പി സ്കൂൾ, അഞ്ചൽപ്പെട്ടി
◆ബഥനി കോൺവെന്റ് എൽ പി സ്കൂൾ, കുന്നംകുളം
◆എം.ജി. എം എൽ. പി സ്കൂൾ, മഴുവന്നൂർ
◆സെന്റ് ജോസഫ് എൽ.പി സ്കൂൾ, ഉടമ്പന്നൂർ
◆സെന്റ് ജോസഫ് എൽ പി സ്കൂൾ, പിറവം

### സന്യാസസമർപ്പണങ്ങൾ

◆ബഥനി നവജ്യോതി പ്രൊവിൻസ് - ദേശം, ആലുവ
ആശ്രമങ്ങൾ -4, സന്യസ്തർ -12
ബഥനി ആശ്രമം തപോവനം, അശോകപുരം (നോവ്യഷേറ്റ് ഭവനം)
◆ബഥനി സിസ്റ്റേഴ്സ്, മൂവാറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ്-കീഴില്ലം പ്രൊവിൻസ്
മഠങ്ങൾ -16, സിസ്റ്റേഴ്സ് - 60
◆മേരിമക്കൾ സിസ്റ്റേഴ്സ് ( Daughers of Mary)
മഠങ്ങൾ- 6, സന്യസ്തർ-19
◆ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്, കോതമംഗലം
മഠം -1, സിസ്റ്റേഴ്സ്- 5
◆ദീനസേവനസഭ (ഡി.എസ്. എസ്), ജെല്ലിപ്പാറ
മഠം - 1, സിസ്റ്റേഴ്സ് - 5

### പ്രേഷിത സംഘടനകൾ

◆മലങ്കര കാത്തലിക് ചിൽറൻസ് ലീഗ്
◆മലങ്കര കാത്തലിക് യൂത്ത് മൂവമെന്റ്
◆മലങ്കര കാത്തലിക് മദേഴ്സ് ഫോറം
◆വിൻസന്റ് ഡി പോൾ
◆ലീജിയൻ ഓഫ് മേരി.

### ഭദ്രാസനനിയോഗങ്ങൾ

◆സുവിശേഷവത്ക്കരണം
◆പുനരൈക്യം
◆ഐക്യുമെനിസം
◆മതസൗഹാർദ്ദം

2006 സെപ്റ്റംബർ 20, 21 തീയതികളിൽ 76-ാം പുനരൈക്യവാർഷികവും സഭാ സംഗമവും മൂവാറ്റുപുഴ ഭദ്രാസനം ഏറ്റെടുത്തു നടത്തി. 2018-ൽ 88-ാം പുനരൈക്യവാർഷികത്തിന് ഭദ്രാസനം ആവശ്യമായ ഒരുക്കങ്ങൾ നടത്തിയെങ്കിലും കേരളത്തിലെ പ്രളയക്കെടുതി കാരണം ഭദ്രാസനതലത്തിൽ മാത്രം ആഘോഷങ്ങൾ നടത്തുകയുണ്ടായി. 93-ാം വാർഷികം ഭദ്രാസനത്തിന്റെ സമസ്ത മേഖലയിലുള്ള ഉണർവിനും വളർച്ചക്കും പുനരൈക്യപ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകരുന്നതിൽ ഭദ്രാസനം എറെ സന്തോഷിക്കുന്നു.

**ചാൻസിലർ,**
രൂപതാ കാര്യാലയം


Prayerful Greetings From Bethany Sisters ESTD 1925

KOTTAYAM GENERALATE



Bethany Sisters Generalate
Kalathipady

Vadavathoor P.O., Kottayam-689 010, Kerala, India
Tel: 0481-2578537, 2578437 Mob: 9447964945
E-mail: sicmothergeneral@yahoo.co.in, www.bethanysisters.com

THIRUVANANTHAPURAM PROVINCE



Established:
21 August 1956

Bethany Sisters' Provincialate

Nalanchira P.O., Trivandrum-695015 Tel: 0471 2530043, 2533695 (P),
Mob: 9400275511 E-mail: bethanytvm25@gmail.com

THIRUVALLA PROVINCE



Established:
21 August 1956

Bethany Provincial House
Thirumoolapuram

Thirumoolapuram, Thiruvalla-689115
Tel: 0469 2630229, 2736087, Mob: 9447505129
E-mail: bethanytiru@gmail.com

BATHERY PROVINCE



Established:
25th of July 1980

Bethany Provincial House

Sulthan Bathery P. O., Cheeral Road, Wayanad-673592, Kerala
Phone: 04936215237, 9747123468
Email: bethanysby@gmail.com

PATHANAMTHITTA PROVINCE



Established:
18th February 1998

Bethany Provincial House

Pathanamthitta-689 645
Tel: 0468 2228658, 2621501, Mob: 9048412575
E-mail: bethanyprovincepta@rediffmail.com

MUVATTUPUZHA PROVINCE



Established:
18th May 2004

Bethany Sisters' Provincial House

Keezhillam P.O., Ernakulam Dist, Pin-683 541
Tel: 0485 2651105, Mob: 9747199344
E-mail: sicmuvattupuzha@gmail.com

www.malankaralibrary.com




# THE SYRO - MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH

## HIERARCHY



His Holiness Pope Francis



His Beatitude Moran Mor Baselios Cardinal Cleemis
Major Archbishop-Catholicos of the Syro-Malankara Catholic Church
and Major Archbishop of Trivandrum




His Grace Most Rev. Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla



Most Rev. Dr. Joshua Mar Ignathios
Bishop of Mavelikkara



Most Rev. Dr. Joseph Mar Thomas
Bishop of Bathery



Most Rev. Dr. Vincent Mar Paulos
Bishop of Marthandom




Most Rev.Dr. Samuel Mar Irenios
Bishop of Pathanamthitta




Most Rev.Dr. Philipos Mar Stephanos
Bishop of USA and Canada



Most Rev. Dr.Thomas Mar Anthonios OIC
Bishop of Eparchy of St. Chrysostom,
Gurgaon-Delhi




Most Rev.Dr. Thomas Mar Eusebius
Bishop of Parassala




Most Rev. Dr.Geevarghese Mar Makarios
Bishop of Puttur




Most Rev. Dr.Yoohanon Mar Theodosius
Bishop of Muvattupuzha



Most Rev. Dr. Antony Mar Silvanos
Bishop of Major Archiepiscopal Curia



Most Rev. Dr. Mathews Mar Polycarpos
Auxiliary Bishop of Major Archdiocese
of Trivandrum



Most Rev. Dr. Yoohanon Mar Chrysostom
Bishop-Emeritus of Pathanamthitta



Most Rev. Dr. Abraham Mar Julios
Bishop-Emeritus of Muvattupuzha

www.malankaralibrary.com






# മൂവാറ്റുപുഴ രൂപതയിലെ ആദ്യകാല പുനരൈക്യ പ്രവർത്തനങ്ങൾ

**ഫാ. മത്തായി കടവിൽ ഒ.ഐ.സി**



**മാ**ർത്തോമ്മാ ക്രിസ്ത്യാനികളെ രണ്ടായി കീറിമുറിച്ച 1653-ലെ പുനരൈക്യത്തിന്റെ നേർസാക്ഷികളാണ് മൂവാറ്റുപുഴ പ്രദേശത്തെ ക്രിസ്ത്യാനികളുടെ പൂർവ്വികർ. വിഭജനത്തെ തുടർന്നുള്ള കാലയളവിൽ മലങ്കരപക്ഷത്ത് നിലയുറപ്പിച്ച ഏതാനും വ്യക്തികളും ഇടവകകളും ആരംഭകാലത്തു തന്നെ കത്തോലിക്കാ പക്ഷത്തോട് ചേർന്നിട്ടുണ്ട്. ഒന്നാം മാർത്തോമ്മായുടെ കാലം മുതൽ നടന്ന പുനരൈക്യ പരിശ്രമങ്ങളിൽ ഈ പ്രദേശത്തുള്ളവർ പങ്കാളികളുമായിരുന്നു. പല കാരണങ്ങളാൽ പരാജയപ്പെട്ട പുനരൈക്യ പരിശ്രമങ്ങളുടെ കണ്ണിയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് രണ്ടാമന്റെ (1865-1909) കാലഘട്ടത്തിൽ നടന്ന പുനരൈക്യപരിശ്രമങ്ങൾ. മലങ്കരസഭയിലേക്ക് 1800-കളുടെ ആരംഭദശകങ്ങളിൽ കടന്നുവന്ന ആംഗ്ലിക്കൻ ഇടപെടലിനെ തുടർന്ന് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായ രണ്ടാം പിളർപ്പിന്റെ നാളുകളിൽ മലങ്കരയുടെ നേതൃത്വം പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയ്ക്കായിരുന്നു. ഈ പശ്ചാത്തലത്തിലാണ് സീറോ മലബാർ സഭയുടെ നേതൃനിരയിൽ പ്രവർത്തിച്ചിരുന്ന നിധീരിക്കൽ മാണിക്കത്തനാരോടു ചേർന്ന് 1882-ൽ നസ്രാണി ജാതൈക്യ സംഘടന രൂപീകരിച്ചത്.

കോട്ടയം കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ച നസ്രാണി ജാതൈക്യസംഘത്തിന്റെ നേതൃത്വത്തിൽ സഭകളുടെ യോജിപ്പിനൊപ്പം വിദ്യാഭ്യാസ-സാമൂഹിക മേഖലകളിൽ സഹകരിച്ചുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു. എന്നാൽ 1886-ലെ റോയൽ കോടതി വിധി മലങ്കരസഭയ്ക്ക് അനുകൂലമായതോടെ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന് പുനരൈക്യ പരിശ്രമങ്ങളോടുള്ള താല്പര്യം കുറഞ്ഞുവന്നു.

അദ്ദേഹം പിന്മാറിയെങ്കിലും നിധീരിക്കൽ മാണി കത്തനാർ പുനരൈക്യ പ്രേഷിത ശുശ്രൂഷയിൽ സജീവമായി തുടർന്നു. കോട്ടയത്തിനു വടക്ക് എറണാകുളം പ്രദേശങ്ങളിലെ ഇടവകകൾ കേന്ദ്രീകരിച്ചാണ് അദ്ദേഹം പ്രധാനമായും പ്രവർത്തിച്ചത്. 1888-ൽ നിധീരിക്കൽ മാണിക്കത്തനാരുടെ സഹായത്തോടെ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് ദലഗാദ് അപ്പസ്തോലിക്കായ്ക്കും റോമിലേക്കും പുനരൈക്യത്തിനുള്ള അപേക്ഷകൾ സമർപ്പിച്ചു. ഇതിന്റെ പശ്ചാത്തലത്തിൽ മലങ്കര സഭയുടെ പട്ടത്തിന്റെ സാധുതയെക്കുറിച്ചു മലങ്കരസഭയുടെ ആചാരനുഷ്ഠാനങ്ങളിലെ വിശ്വാസ നൈർമ്മല്യത്തെക്കുറിച്ചും കത്തോലിക്കാ സഭ പഠിച്ചു. അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയിലെ ക്രമമാണ് മലങ്കരയിൽ പ്രചാരത്തിലിരിക്കുന്നതെന്ന് മനസ്സിലാക്കിയ കത്തോലിക്കാ സഭ, മലങ്കരയിൽ നിന്നുമുള്ള വൈദികരെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുവാനുള്ള അനുമതി നല്കി. താമസിയാതെ, മലങ്കരസഭയിലെ രണ്ടു വൈദികർ കത്തോലിക്കാ സഭയിൽ ചേർന്നു. ഇവരുടെ കൂട്ടത്തിൽ നിന്നും ഫിലിപ്പോസ് പായിമറ്റം അച്ചൻ 1890 ആഗസ്റ്റ് 15-ാം തീയതി കൂത്താട്ടുകുളത്തിനടുത്ത് വടകര കത്തോലിക്കാ പള്ളിയിൽ വച്ച് അന്ത്യോക്യൻ സുറിയാനി സഭയ്ക്കുവേണ്ടി റോമിൽനിന്നും പ്രസിദ്ധീകരിച്ച കുർബ്ബാന ക്രമമനുസരിച്ച് വി.കുർബാനയർപ്പിച്ചു. കേരള ക്രൈസ്തവരുടെയിടയിൽനിന്നും അന്ത്യോക്യൻ ക്രമമനുസരിച്ച് കത്തോലിക്കാ സഭയിൽ അർപ്പിക്കപ്പെട്ട പ്രഥമ കുർബ്ബാനയായി ഇതിനെ കാണാൻ കഴിയും. അദ്ദേഹത്തെ തുടർന്ന് ചാമക്കാല ജോസഫ് കത്തനാർ, കാരാപ്പുഴ ഗീവർഗ്ഗീസ് കത്തനാർ, എരത്തിയാൽ മാർക്കോസ് കത്തനാർ, എ.സി.ജോസഫ് ശെമ്മാശൻ തുടങ്ങി അനേകം പേർ കത്തോലിക്കാ സഭയിൽ ചേർന്നു.

1890 സെപ്റ്റംബർ മാസത്തിൽ തൃപ്പൂണിത്തറ, ആമ്പല്ലൂർ, കണ്ടനാട്, ഉദയംപേരൂർ പ്രദേശങ്ങളിൽ മഹായോഗങ്ങൾ സംഘടിപ്പിക്കുവാൻ നിധീരിക്കൽ മാണി കത്തനാർക്ക് കഴിഞ്ഞു. ചങ്ങനാശ്ശേരി വികാരിയത്തിന്റെ വികാരി ജനറൽ എന്ന നിലയിലും സേവനം ചെയ്തിരുന്ന നിധീരിക്കൽ മാണി കത്തനാരുടെ ജോലിത്തിരക്കുമൂലം പുനരൈക്യ പ്രേഷിത ശുശ്രൂഷ കൂടുതൽ വ്യാപിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഏതാനും പേരുടെ വ്യക്തിപരമായ പുനരൈക്യത്തെക്കാൾ ഒരു സംഘടിത മുന്നേറ്റമായി ഇതിനെ മാറ്റുവാൻ സഭയ്ക്കും കഴിഞ്ഞില്ല.

ഇക്കാലയളവിൽ തന്നെ ക്നാനായക്കാരുടെയിടയിൽ യോജിപ്പിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. 1890-ൽ ആരംഭിച്ച ഇത്തരം ചർച്ചകളിൽ മലങ്കര റീത്ത് അനുവദിക്കണമെന്നുള്ള നിർദ്ദേശം ശക്തമായി ഉയർന്നുവന്നു. ഇത് ക്നാനായക്കാരുടെ ഇടയിലാണ് ആരംഭിച്ചതെങ്കിലും ദലഗാദ് അപ്പസ്തോലിക്കായുടെ ഇടപെടൽ വഴിയായി സീറോ മലബാർ സഭയുടെ ഒരു പൊതു ആവശ്യമായി മാറി. ഇതിന്റെ ഫലമായി 1920 നവംബർ 18-ന് ചങ്ങനാശ്ശേരിയിൽ കൂടിയ സീറോ മലബാർ മെത്രാന്മാരുടെ യോഗം അന്ത്യോക്യൻ റീത്ത് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് റോമിലേക്ക് അപക്ഷ സമർപ്പിച്ചു. ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ 1921 ജൂലൈ 5-ാം തീയതി പുനരൈക്യപ്പെടുന്നവർക്ക് അന്ത്യോക്യൻ റീത്ത് അനുവദിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചു. അതോടെ, സീറോ മലബാർ സഭയിലെ നാല് വികാരിയത്തുകളിലും പുനരൈക്യ പ്രേഷിത ശുശ്രൂഷകൾ ആരംഭിച്ചു.

1890-കളിൽ നിധീരിക്കൽ മാണിക്കത്തനാർ ബീജാവാപം ചെയ്ത പുനരൈക്യ ചിന്തകളെ ഉദ്ദീപിപ്പിക്കുവാൻ ഇത് കാരണമായി. 1890-ൽ കണ്ടനാട്-ഉദയംപേരൂർ പ്രദേശങ്ങളിലെ പുനരൈക്യ മഹായോഗങ്ങളിൽ നിധീരിയുടെ സഹായിയായി പ്രവർത്തിച്ച് ഒരു വ്യക്തിയായിരുന്നു കാരോട്ട് വീട്ടിൽ ശെമഓൻ മാർ ദിവന്നാസ്യോസിന്റെ സഹോദര പുത്രനായ യുവാക്കീം ശെമ്മാശൻ. ഇദ്ദേഹമാണ് പില്ക്കാലത്ത് യാക്കോബായ സഭയിൽ വൈദികനും മെത്രാനുമായി തീർന്ന കണ്ടനാട് മാർ ഈവാനിയോസ് പിതാവ്. യൗവ്വനകാലത്ത് തന്റെ മനസ്സിൽ അങ്കുരിച്ച പുനരൈക്യ ചിന്തകളുടെ ഫലമായി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ അദ്ദേഹം ആലോചിച്ചു. അതനുസരിച്ച് 1922-ൽ കണ്ടനാട് കത്തോലിക്കാ പള്ളി വികാരിയായിരുന്ന ബഹു. തോട്ടുങ്കൽ അച്ചനോടും കണ്ടനാട് ഇടവകാംഗമായിരുന്ന ഫാ.ഡോ. ജോസഫ് പൈനുങ്കലുമായി ആലോചിച്ച് എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയുടെ അടുക്കൽ പുനരൈക്യപ്പെടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. പുനരൈക്യത്തിന് നിശ്ചയിച്ച ദിവസം കണ്ടനാട് നിന്നും വള്ളത്തിൽ എറണാകുളത്തേക്ക് പോകുവാൻ ക്രമീകരണം ചെയ്ത അദ്ദേഹത്തെ തന്റെ സഹോദരപുത്രനായ സൈമൺ കാരവട്ടുകോർ എപ്പിസ്കോപ്പായും (ഇദ്ദേഹം 1949-ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു) മൂക്കാഞ്ചേരിൽ പത്രോസ് ശെമ്മാശനും (ബഥനി മഠത്തിന്റെ പ്രഥമ മദറുമായിരുന്ന മദർ ശൈനായുടെ സഹോദരനും സ്ലീബാദാസ സമൂഹത്തിന്റെ സ്ഥാപകനുമായ പത്രോസ് മാർ ഒസ്താത്യോസ്) ചേർന്ന് എറണാകുളത്തിനു പോകേണ്ട വഞ്ചി പരുമലയ്ക്ക് തിരിച്ചുവിടുകയും പുനരൈക്യത്തിൽ നിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കുകയും ചെയ്തു.

എറണാകുളം വികാരിയത്തിലെ പുനരൈക്യ ശുശ്രൂഷകൾക്കായി ജോസഫ് മേനാച്ചേരിയച്ചനെയാണ് അഗസ്റ്റിൻ കണ്ടത്തിൽ പിതാവ് നിയോഗിച്ചത്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനം 1926-ൽ കുന്നിക്കുരുടി കേന്ദ്രമായി ആരംഭിച്ചു. താമസിയാതെ, എറണാകുളം വികാരിയത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ യാക്കോബായക്കാരുടെയിടയിൽ അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഇക്കാലയളവിലാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ 1930 സെപ്റ്റംബർ 20-ാം തീയതിയിലെ പുനരൈക്യം. അതോടെ എറണാകുളം വികാരിയത്തിൽ നടന്ന പുനരൈക്യ പ്രേഷിത ശുശ്രൂഷകൾ തിരുവല്ല രൂപതയുടെ ഭാഗമായി. ബഥനിയുടെ പ്രവർത്തനങ്ങൾ തെക്കൻ പ്രദേശത്തായിരുന്നതിനാൽ മൂവാറ്റുപുഴ പ്രദേശത്തെ പുനരൈക്യ ശുശ്രൂഷകൾ തുടരുന്നതിനായി എറണാകുളം രൂപതാംഗത്വം നഷ്ടപ്പെടുത്താതെതന്നെ ജോസഫ് മേനാച്ചേരിയച്ചനെ തെയോഫിലോസ് തിരുമേനി വടക്കൻ പ്രദേശങ്ങളിലെ വേദ പ്രചാര ഡയറക്ടറായി നിയമിച്ചു. ചെങ്ങരൂർ കാരനായ ശ്രീ തോമസ് പടിഞ്ഞാറേകുറ്റിനെയും (തോമസ് പടിഞ്ഞാറേക്കുറ്റച്ചന്റെ പിതാവ്) കല്ലൂപ്പാറ സ്വദേശിയായ തോമസിനെയും ഉപദേശിമാരായും നിയമിച്ചു. ചെങ്ങന്നൂർകാരൻ തോമസ് കുന്നിക്കുരുടി കേന്ദ്രമായും കല്ലൂപ്പാറക്കാരൻ തോമസ് മൂവാറ്റുപുഴയിലെ കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന പ്രദേശം കേന്ദ്രമായും പ്രവർത്തിച്ചു.

മാർ ഈവാനിയോസ് പിതാവിന്റെയും മാർ തെയോഫിലോസ് തിരുമേനിയുടെയും നേതൃത്വത്തിലുള്ള പുനരൈക്യ ശുശ്രൂഷകൾ പ്രധാനമായും മദ്ധ്യതിരുവിതാംകൂർ കേന്ദ്രീകരിച്ചാണ് നടന്നത് (ഇതിനൊരപവാദം പുലിക്കോട്ടിൽ റമ്പാച്ചന്റെ നേതൃത്വത്തിൽ കുന്നംകുളം കേന്ദ്രീകരിച്ചു നടന്ന പുനരൈക്യപ്രവർത്തനങ്ങളാണ്). പുനരൈക്യപ്പെട്ടവരിൽ ഭൂരിപക്ഷവും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽനിന്നുമായിരുന്നു. എന്നാൽ എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങൾ കേന്ദ്രീകരിച്ചു നടന്ന പുനരൈക്യ പ്രവർത്തനങ്ങൾ പ്രധാനമായും ബാവാകക്ഷിക്കാരായ യാക്കോബായക്കാരുടെ ഇടയിലാണ് നടന്നത്. 1930-'40 കാലയളവിൽ തോംപ്രയച്ചൻ, കുര്യാക്കോസ് തറയപ്പട്ടയ്ക്കലച്ചൻ, കോനാട്ട് മാക്കിൽ അബ്രഹാം കത്തനാർ, കുമ്പളം കുന്നേലച്ചൻ, സി.റ്റി. കുര്യാക്കോസച്ചൻ, ഫിലിപ്പോസ് വാക്കാനംപാടത്തച്ചൻ, ഗീവർഗ്ഗീസ് നടുവിലേടത്തച്ചൻ, തൈക്കാട്ടിൽ പൗലോസച്ചനും മകൻ ജേക്കബച്ചനും, മാത്യു വാഴപ്പിള്ളിലച്ചൻ തുടങ്ങി പത്ത് വൈദികരും ശെമ്മാശന്മാരായ കുര്യാക്കോസ് തറയപ്പട്ടയ്ക്കലും, ലാസർ കോനാട്ടും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു.

സ്ലീബാദാസ്സമൂഹത്തിൽ നിന്നും കാരമേൽ കോയിക്കൽ പത്രോസച്ചന്റെയും (1948) എരമംഗലത്ത് മത്തായി അച്ചാന്റെയും പുനരൈക്യവും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. കക്ഷി വഴക്കിന്റെ മൂർദ്ധന്യത്തിൽ 1957ലെ സുപ്രീം കോടതി വിധിയുടെ നാളുകളിൽ മലങ്കരയിലെ പ്രഗത്ഭരായ മൂന്ന് വൈദികർ പുനരൈക്യപ്പെടുകയുണ്ടായി. സ്ലീബാദാസ് സമൂഹാംഗവും പില്ക്കാലത്ത് പിറമാടം, കിഴക്കമ്പലം ദയറാകളുടെ സ്ഥാപകനുമായിരുന്ന വി.സി.ഗീവർഗ്ഗീസ് കോറെപ്പിസ്കോപ്പാ, ആലുവാ യു.സി.കോളേജിലെ പ്രൊഫസറായിരുന്ന ടി.വി.ജോണച്ചൻ, പ്രൊഫ. സി.എ.ഏബ്രഹാമച്ചനുമടങ്ങുന്ന ത്രിമൂർത്തികളുടെ പുനരൈക്യം മൂവാറ്റുപുഴ പ്രദേശത്തെ പുനരൈക്യ പ്രവർത്തനങ്ങൾക്ക് ആവേശം പകർന്നു. ഈ പ്രദേശത്ത് പുനരൈക്യപ്പെട്ടവരിൽ ടി.വി.ജോൺ അച്ചൻ ഒഴികെ എല്ലാവരും യാക്കോബായ വിശ്വാസത്തിൽ നിന്നും കത്തോലിക്കാ വിശ്വാസത്തിലേക്ക് കടന്നവരാണെന്നതും സ്മരണീയമാണ്.

1950 മുതൽ കുന്നംകുളം, പാലക്കാട്, മലബാർ പ്രദേശങ്ങളിലേക്ക് കുടിയേറിയ ആളുകളുടെയിടയിൽ നടത്തിയ പ്രവർത്തനങ്ങൾ പുനരൈക്യത്തോടൊപ്പം മിഷൻ രംഗത്തേക്കും പ്രവർത്തനങ്ങൾ വ്യാപിക്കുവാൻ കാരണമായി. മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യപ്രവർത്തനങ്ങളും വിശ്വാസ പ്രഘോഷണവും പുനരൈക്യശതാബ്ദി ദശകത്തിലൂടെ കടന്നുപോകുന്ന മലങ്കര സഭയെ ശക്തിപ്പെടുത്തട്ടെയെന്ന് ആശംസിക്കുന്നു.

# മലങ്കര കത്തോലിക്കാ സഭ ഐക്യത്തിന്റെ ശുശ്രൂഷക



**കേ**രള സഭാചരിത്രത്തിലെന്നും ശോഭായമാനമായി തെളിഞ്ഞു നിൽക്കുന്ന ഒരു മഹത് സുദിനമാണ് 1930 സെപ്തംബർ 20. ദൈവാത്മാവിന്റെ നിമന്ത്രണങ്ങൾക്കു മുമ്പിൽ എന്നും തുറവിയോടെ വ്യാപരിച്ചിട്ടുള്ള ദൈവദാസൻമാർ ഈവാനിയോസ് പിതാവിന്റെ ഐക്യത്തിനായുള്ള അവിശ്രാന്ത പരിശ്രമങ്ങൾ വിജയമകുടമണിഞ്ഞ മഹാസുദിനം! പെറ്റമ്മയെ തിരിച്ചറിഞ്ഞു കണ്ടെത്തിയ മക്കൾ ആ മാതൃകരങ്ങളിൽ അഭയം പ്രാപിച്ച സുന്ദര സുദിനം! ഓർത്തഡോക്സ് സഭാ മെത്രാപ്പോലീത്താ മാർ ഈവാനിയോസ്, അനുയായികളായ മാർ തെയോഫിലോസ്, റവ. ഫാദർ ജോൺ ഒ.ഐ.സി., റവ. ബ്രദർ സെറാഫിയോൻ ഒ.ഐ.സി., ശ്രീ. കിളീലേത്ത് ചാക്കോ എന്നിവരുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ സകല പ്രതിബന്ധങ്ങളും വഴിമാറിനിന്നു. ഐക്യത്തിന്റെ ആത്മാവ് മലങ്കര സഭയെ നവീകരിച്ച് ശക്തിപ്പെടുത്തി.

Christo Pastorum Principi (1932) എന്ന അപ്പസ്തോലിക തിരുവെഴുത്തിലൂടെ സഭാപരമായ കാര്യങ്ങൾ സ്ഥിരതയോടും കാര്യക്ഷമതയോടും നിർവഹിക്കുന്നു എന്നതു മാത്രമല്ല, മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപനത്തെക്കുറിച്ച് കൂടി 1932 ജൂൺ 11-ാം തീയതി പുറപ്പെടുവിച്ച ഈ രേഖയിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. അങ്ങനെ മലങ്കര സഭ സാർവ്വത്രിക കൂട്ടായ്മയിൽ പുനഃപ്രവേശനം ചെയ്തു. സഭ ഏറ്റം സജീവമാകാൻ സാധിക്കുന്ന ഇടങ്ങളിൽ കൊടുക്കേണ്ട ചുമതലകളും ഉത്തരവാദിത്വങ്ങളും സഭാദ്ധ്യക്ഷന്മാർക്ക് നൽകി സഭയെ വളർത്തുന്ന പരി. സിംഹാസനത്തിന്റെ കരുതലിന്റെ, പ്രോത്സാഹനത്തിന്റെ മുഖമാണ് ക്രിസ്തോ പാസ്തോരും പ്രിൻചിപ്പിയിലൂടെ വെളിവാകുന്നത്. ഇപ്രകാരം ആഗോള കത്തോലിക്കാ സഭയുടെ ഹൃദയപൂർവ്വകമായ വാത്സല്യങ്ങൾക്കും ഔദാര്യ പൂർണ്ണമായ അംഗീകാരങ്ങൾക്കും ദൈവം മലങ്കര സഭയെ പാത്രീഭൂതയാക്കി. ഒരു പ്രാദേശിക, വ്യക്തിഗതസഭയായി, സ്വയംഭരണാവകാശമുള്ള ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി, വിവിധ ഭദ്രാസനങ്ങളായി കേരളത്തിലും ബാഹ്യകേരളത്തിലും ബാഹ്യഭാരതത്തിലും അതിന്റെ സ്ഥാനം ഉറപ്പിച്ചു.

മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ബഥനി സന്യാസ-സന്യാസിനീ സമൂഹങ്ങൾ ഐക്യത്തിന്റെ വാഹകരെന്ന നിലയിൽ പുനരൈക്യ ശുശ്രൂഷകൾക്ക് സാക്ഷ്യം വഹിച്ചു. അനേകം അമ്മായ സഹോദരങ്ങൾ ഈ ഐക്യത്തിന്റെ ശുശ്രൂഷയെ വളവും വെള്ളവും ഒഴിച്ച് പരിപാലിച്ചു വളർത്തി. പൂർവ്വസൂരികളായ ഈ സന്യാസ-സന്യാസിനികളുടെയും അമ്മായരുടേയും അക്ഷീണ പ്രയത്നം അകത്തോലിക്കാ സഹോദരങ്ങളുടെ മാനസാന്തരത്തിന് വഴിയൊരുക്കി. യഥാർത്ഥത്തിൽ, ആത്മീയ-ഭൗതീക തലങ്ങളിലെ സമഗ്ര വളർച്ച ഐക്യത്തിന്റെ കൃപയെ വർദ്ധമാനമാക്കുകയായിരുന്നു.

ഐക്യത്തിന്റെ ദൈവശാസ്ത്രം ത്രിത്വകേന്ദ്രീകൃതവും, അതിന്റെ ആത്മീയ അടിത്തറ വചനത്തിൽ അധിഷ്ടിതവുമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും വ്യത്യസ്ത വ്യക്തികളാണെങ്കിലും ഒരേ ദൈവമായിരിക്കുന്നതുപോലെ ക്രൈസ്തവ കൂട്ടായ്മകൾ വ്യത്യസ്ത സ്ഥലങ്ങളിലും സാഹചര്യങ്ങളിലും നിലനിൽക്കുന്നുവെങ്കിലും അവ ഏക സഭയായിരിക്കണം. ഇപ്രകാരം ത്രിത്വരഹസ്യത്തിൽ ഊന്നിയുള്ള ഒരു സഭാവിജ്ഞാനീയമാണ് പുനരൈക്യത്തിന്റെ പൂർണ്ണതയിലേക്ക് മാർ ഈവാനിയോസ് പിതാവിനേയും മലങ്കര മക്കളേയും നയിച്ചത്. ഒന്നാകുവാൻ വേണ്ടി ഒന്നുമില്ലായ്മയെ പുൽകി തമ്പുരാന്റെ വഴികളിൽ ചരിച്ചവർക്ക് വചനം വിളക്കായി മാറി. സത്യത്താൽ വിശുദ്ധീകരിക്കപ്പെട്ട പുനരൈക്യത്തിന്റെ വക്താക്കൾക്ക് വചനം നേരായി മാറി (യോഹ. 17:17). അവരെപ്പോലെ നാമും ഒന്നാകുവാൻ വേണ്ടി (യോഹ. 17:11) പ്രാർത്ഥനാപൂർവ്വം യത്നിക്കേണ്ട നിയോഗം മാർ ഈവാനിയോസ് പിതാവ് തിരിച്ചറിഞ്ഞു. ഈ നിയോഗത്തെ കർമ്മപഥങ്ങളിലെത്തിക്കുവാൻ ധൈര്യം കാണിച്ചു. അത് തന്നെയാണ് ഐക്യത്തിന്റെ പാതയിൽ മാർ ഈവാനിയോസ് പിതാവിനേയും അനുയായികളേയും ഒന്നിപ്പിക്കുന്ന പ്രധാന ഘടകം.

1980ലെ പുനരൈക്യ കനകജൂബിലി സന്ദേശത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഇങ്ങനെ എഴുതി - പുനരൈക്യപ്രസ്ഥാനം ഒരു വ്യക്തിയുടേയോ, പ്രസ്ഥാനത്തിന്റേയോ താത്വീക ചിന്തയിൽ നിന്നോ, യുക്തിബോധത്തിൽ നിന്നോ രൂപപ്പെട്ട ഒന്നല്ല. മറിച്ച്, അത് പരിശുദ്ധാത്മ പ്രേരിതമായ ഒരു ശ്രേഷ്ഠ യത്നമാണ് എന്ന്. ഇതിനാൽ ത്തന്നെ അതൊരു അസാധാരണ ആത്മീയ പ്രസ്ഥാനമാണ്. മനുഷ്യപ്രയത്നത്തേക്കാൾ ദൈവീക കരസ്പർശമാണ് അതിലുടനീളം ദർശിക്കുന്നത്.

പുനരൈക്യത്തിന്റെ 93-ാമത് വാർഷിക ദിനാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ, ഇന്നും എന്നും ദൈവത്തോട് ഒന്നാകുവാൻ ആഗ്രഹിക്കുന്ന, പരിശ്രമിക്കുന്ന ഒരു ജനതയ്ക്ക് മുമ്പിൽ പുനരൈക്യത്തിന്റെ വർത്തമാനകാല പ്രസക്തിയും ദൗത്യവും ഒരു പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതുണ്ട്. ക്രൈസ്തവ ഐക്യത്തിലൂടെ അത്യുന്നതനിലേക്കും അപരനിലേക്കും സമദൂരമെന്ന് പ്രഖ്യാപിക്കുവാൻ സ്വാർത്ഥതയുടേയും വർഗ്ഗീയ വാദത്തിന്റേയും ഈ യുഗത്തിൽ നമുക്ക് സാധിക്കണം. അതിന് മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യ ദർശനങ്ങൾ ആവാഹിക്കുക എന്നത് പരമ പ്രധാനമാണ്.

കാലത്തിന്റെ ഒഴുക്കിൽ, തിരക്കുകളുടെ മായികലോകത്ത് ദൗത്യം മറന്നുപോകുന്ന ഒരു ജനതയായി നാം മാറിക്കൂടാ. ഉപ്പിന്റെ ഉറ കെടാതെ സൂക്ഷിക്കുന്നതുപോലെ പുനരൈക്യത്തിന്റെ ചൈതന്യം കാത്തുസൂക്ഷിക്കാനുള്ള കടമ മലങ്കര മക്കൾക്കുണ്ട്. ഈ ഐക്യത്തിന്റെ കടുകുമണി വളർന്ന് അതിന്റെ ശിഖരങ്ങളിൽ കൂട് കൂട്ടിയവർ ഏറെയാണ്. ഇനിയും കൂട് തീർക്കാൻ കാത്ത് നിൽക്കുന്നവരെ നാം കാണാതെ പോകരുത്. കൂടുതൽ പേരെ ഇനിയും കണ്ടെത്തേണ്ടതുണ്ട്. നമ്മുടെ ദർശനങ്ങളും ആശയങ്ങളും കർമ്മങ്ങളും ക്രിസ്തുവിൽ നിന്ന് വ്യക്തികളെ അകറ്റുന്നതാകരുത്. മറിച്ച്, അവ ത്രിത്വൈക കൂട്ടായ്മയെ ബലപ്പെടുത്തുന്നതും മനുഷ്യബന്ധങ്ങളെ ശാക്തീകരിക്കുന്നതുമാകണം. അനൈക്യത്തിന്റേയും ശിഥിലീകരണത്തിന്റേയും കറുത്ത പാടുകൾ സുവിശേഷ വെളിച്ചത്തിൽ വിവേചിച്ചറിയുമ്പോൾ സത്ത നഷ്ടപ്പെടാതെയുള്ള സമന്വയത്തിന്റെ ദർശകയാകും സഭ.

ഇന്നലെകളുടെ പൊരുൾ ദൈവ പരിപാലനയുടേത്, നാളെയുടേതും അതുതന്നെയായിരിക്കണം. ഐക്യത്തിന്റെ ഈ കൃപാശുശ്രൂഷയെ ദൈവപരിപാലനയ്ക്കു മുമ്പിൽ നമുക്ക് സമർപ്പിക്കാം. നമ്മിലൂടെ ഈ ഐക്യം അനേകരിലേക്ക് ഒഴുകട്ടെ!!!

**സിസ്റ്റർ ഡോ. ആർദ്ര SIC**
സുപ്പീരിയർ ജനറൽ

*In Loving Memory of*



**UMMAN CHERIYAN**
10.02.1993
CHERUPUSHPA VILASAM



**MR. MARKOSE V.P. & MRS. ELIYAMMA MARKOSE**
VETTIKKATTIL FAMILY

In loving memory of our most beloved mother



**Smt. CHINNAMMA ABRAHAM**
1936-2016
**Kuttippalakkal, Kattilapoovam**

*"My sheep listen to my voice. I know them and they follow me. I give them eternal life" John 10:27-28*

**- YOU LIVE FOREVER IN OUR HEARTS, MOM**

**Grief stricken:** Abraham (**Husband**), Sherly, Shelby, Shanty (**Daughters**) Jose, George (**Sons**), Joseph, Johny, Cherian (**Son-in-laws**), Moni, Lilly (**Daughter-in-laws**) **Grand Children & Great Grand Children**

www.malankaralibrary.com





# സ്മരണകൾ സ്പന്ദനങ്ങൾ

ഷിബു പനച്ചിക്കൻ

ഓർമ്മകളുടെ ചിത്രശിലാദളങ്ങളിൽ ശോഭ മങ്ങാതെ നിൽക്കുന്ന പുനരൈക്യത്തിന്റെ ആദ്യകാല മുഖങ്ങളെ 93-ാം പുനരൈക്യ ആഘോഷങ്ങളുടെ വേളയിൽ ആദരപൂർവ്വം സ്മരിക്കുന്നു. കാരണം മൂവാറ്റുപുഴ രൂപത മലങ്കര കത്തോലിക്ക സഭക്ക് രണ്ട് ശ്രേഷ്ഠാചാര്യൻമാരെ നൽകിയ പ്രദേശം കൂടിയാണ്. ഭാഗ്യസ്മരണാർഹരായ അഭിവന്ദ്യ ഐസക് മാർ യൂഹാന്നോൻ പിതാവും അഭിവന്ദ്യ പൗലോസ് മാർ പിലക്സിനോസ് പിതാവും. ശ്രേഷ്ഠാചര്യൻമാരെ നിങ്ങളിലൂടെ സഭയ്ക്ക് ലഭിച്ച സുകൃതങ്ങൾ ഓർത്ത് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ക്രൈസ്തവ പാരമ്പര്യമുള്ള കുന്നംകുളം പ്രദേശത്തും മലങ്കര സഭയിലാകമാനവും പുനരൈക്യ പ്രസ്ഥാനത്തിന്റെ ശൈശവ കാലഘട്ടങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്ക സഭയെ തേജോമയമാക്കിയ വൈദിക ശ്രേഷ്ഠനായിരുന്നു വന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചൻ. എം. ഡി സെമിനാരി പഠനകാലത്തെ തന്റെ ഗുരുവായിരുന്ന ദൈവദാസൻമാർ ഈവാനിയോസ് പിതാവുമായുള്ള ഊഷ്മളബന്ധം, കത്തോലിക്ക സഭയിലേക്കുള്ള പുനരൈക്യത്തിനുശേഷം കൂടുതൽ ദൃഢമാവുകയായിരുന്നു.

പ്രൗഢമായ ലെഗസിയുള്ള പുലിക്കോട്ടിൽ കുടുംബത്തിൽ മെത്രാൻമാരാൽ സമ്പന്നമായ ക്രൈസ്തവ പാരമ്പര്യത്തിലാണ് വന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചന്റെ ജനനം. പുലിക്കോട്ടിൽ ഇട്ടൂപ്പിന്റെയും കുഞ്ഞന്നത്തിന്റെയും രണ്ടാമത്തെ മകനായി 1889 നവംബർ 19നാണ് അദ്ദേഹത്തിന്റെ പിറവി.

12-ാം വയസിൽ ശെമ്മാശപ്പട്ടം സ്വീകരിച്ചു. 16-ാം വയസിൽ കോട്ടയം എം.ഡി. സെമിനാരിയിൽ തുടർപഠനത്തി നായി ചേർന്നു. 1929 ഏപ്രിൽ 21ന് തന്റെ 40-ാം വയസിൽ വൈദികനായി. പത്ത് ദിവസങ്ങൾക്കുശേഷം റമ്പാൻ ആക്കി ഉയർത്തി. മെത്രാൻ പട്ടം സ്വീകരിക്കണമെന്ന ആവശ്യം അദ്ദേഹം നിരസിച്ചു.

മലങ്കര സഭയുടെ അഡ്മിനിസ്ട്രേറ്ററായും തിരുവല്ല രൂപതയുടെ ആദ്യ അഡ്മിനിസ്ട്രേറ്ററായും അദ്ദേഹം സേവനം അനിഷ്ഠിച്ചു. മാർത്താണ്ഡം രൂപതയുടെ പുനരൈക്യ ശില്പികൂടിയാണ് വന്ദ്യ പുലിക്കോട്ടിൽ റമ്പാച്ചൻ.

ശുദ്ധിമാനും, ദീനാനുകമ്പയുള്ളവനും, പൂർണ്ണ ദൈവഭക്തനുമായ വന്ദ്യ ജോസഫ് പുലിക്കോട്ടിൽ റമ്പാച്ചൻ 1941 ജൂലൈ 6-ാം തീയതി കാലയവനികക്കുള്ളിൽ മറഞ്ഞു. ദൈവം തന്റെ വിശ്വസ്തനെ തന്നോടു ചേർത്തുപിടിച്ചു.

മധ്യകേരളത്തിലെ നസ്രാണി പാരമ്പര്യത്തിൽ നിന്നും മറ്റൊരു ശോഭയാർന്ന നക്ഷത്രം റവ. ഫാ. മാത്യൂസ് പുലിക്കോട്ടിൽ. മധ്യകേരളത്തിലും ഏറനാട്ടിലും മലങ്കര സുറിയാനി കത്തോലിക്ക സഭയുടെയും പുനരൈക്യത്തിന്റെയും മഹാഭടനായി പ്രവർത്തിച്ച ഫാ. മാത്യൂസ് പുലിക്കോട്ടിൽ 1916 ആഗസ്റ്റ് 13-ാം തീയതി ഫാ. മത്തായി അഞ്ചാമന്റെയും കുഞ്ഞുമറിയത്തിന്റെയും മകനായി ജനിച്ചു.

പഴഞ്ഞി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1932ൽ 16-ാം വയസിൽ കുണ്ടറ സെമിനാരിയിൽ നിന്ന് 'കോറൂയോ' ലഭിച്ചു. 1941ൽ 24-ാം വയ സിൽ കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് ശെമ്മാശപ്പട്ടവും, തുടർന്ന് മാർ ഗീവറുഗീസ് തൃദീയൻ കതോലിക്കാ ബാവയിൽ നിന്ന് എല്ലാ പട്ടവും ലഭിച്ചു.

1947-ൽ പട്ടം അരമനയിൽ വച്ച് അഡ്മിനിസ്ട്രേറ്റർ ചേപ്പാട് ഫീലിപ്പോസ് റമ്പാനച്ചനാൽ പുനരൈക്യം സ്വീകരിച്ചു. 1948 ജനുവരി 1ന് പട്ടം അരമനയിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ വി. കുർബാന അർപ്പിച്ചു.

തികഞ്ഞ മിഷനറിയായ അച്ചൻ സഭയിലെ നിരവധി ദേവാലയങ്ങളിൽ സേവനമനുഷ്ഠിച്ചു. 1987 ഫെബ്രുവരി 27ന് ദൈവ സന്നിധിയിലേക്ക് ആനയിക്കപ്പെട്ടു.

കടന്നുവന്ന വഴികളിലെല്ലാം നാഴികക്കല്ലുകൾ നാട്ടിയ അതുല്യ നേതൃത്വത്തിനുടമയാണ് ബഹുമാനപ്പെട്ട ചാക്കോ ഇലവുംപറമ്പിലച്ചൻ. MCYM (യുവദീപം) പ്രഥമ ഡയറക്ടർ **MSM ITI** യുടെ സ്ഥാപകൻ, പിറവത്തിന്റെ വികസനമാനങ്ങൾക്ക് സമാനതകളില്ലാത്ത സംഭാവനകൾ നൽകിയ വ്യക്തി. വിശേഷങ്ങൾ ഒരുപാടുണ്ട്. വെട്ടിക്കൽ, ഏഴക്കരനാട്, നീറാംമുകൾ, പാമ്പാക്കുട എന്നീ ഇടവകകളുടെ സ്ഥാപകൻ. ഓണക്കൂർ പള്ളിയുടെ പുനർനിർമ്മാതാവ്, പുനരൈക്യ ശ്രമങ്ങളുടെ വലിയ ശക്തികേന്ദ്രം....

1935 ജനുവരി 17ന് പിറവത്ത് ആക്കൽ തൈക്കാട്ടിൽ (മൂലകുടുംബം) ഇലവുംപറമ്പിൽ ഉലഹന്നാന്റെയും ശോശാമ്മയുടെയും മകനായി ജനിച്ചു. 1961ൽ വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് ചിന്തകളിൽ അഗ്നിസ്ഫുലിംഗങ്ങളുണർത്തുന്ന ആശയങ്ങളും പ്രവർത്തനങ്ങളുമായി വൈദികവൃത്തിയിലും, മനുഷ്യന്റെ ഭൗതിക വികനത്തിനും, സമൂഹത്തിന്റെ ഉന്നമനത്തിനുമായി അത്യദ്ധ്വാനം ചെയ്തു.

1998 ആഗസ്റ്റ് 28ന് ചെയ്തു തീർക്കുവാൻ ഒരുപാട് സ്വപ്നങ്ങൾ ബാക്കിയാക്കി ദൈവസന്നിധിയിലേക്ക് ആനയിക്കപ്പെട്ടു.

ഫാ. സി. ടി. കുര്യാക്കോസ് BA, BD പുനരൈക്യചരിത്രത്തിലെ മറ്റൊരു അതികായകനാണ്. 1905 ജൂലൈ 24ന് ഇടയാർ ചേലാപറമ്പത്ത് തൊമ്മൻ-അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ചു. 1944ൽ മലങ്കര സുറിയാനി കത്തോലിക്ക സഭാംഗമായി. പിറവം ഇടവകയിൽ ദീർഘകാലം സേവനം ചെയ്തു. 2006 ജൂൺ 4ന് ദൈവ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു.

കാരാമ്മേൽ കോയിക്കൽ കുടുംബത്തിൽ 1907ൽ കോയിക്കൽ കെ. എം. പത്രോസച്ചൻ ജനിച്ചു. 1937 മെയ് 25-ാം തീയതി വൈദിക പട്ടവും സ്വീകരിച്ചു. 1949ൽ തിരുവല്ല ഭദ്രാസനാധിപന് മുമ്പാകെ കത്തോലിക്ക വിശ്വാസം ഏറ്റുപറഞ്ഞ് പുനരൈക്യപ്പെട്ടു. പെരുവയിൽ ഒരേക്കർ പത്ത് സെന്റ് സ്ഥലം വാങ്ങി 1952 ഡിസംബർ 18-ാം തീയതി പെരുവപള്ളി കൂദാശ ചെയ്തു പ്രഥമവികാരിയായി. 1992 നവംബർ 3-ാം തീയതി ഇഹലോകവാസം വെടിഞ്ഞു.

തൈക്കാട്ടിൽ പൗലോസ് കത്തനാരുടെയും മറിയത്തിന്റെയും മകനായി ജേക്കബ് തൈക്കാട്ടിലച്ചൻ 1902 ന് ഭൂജാതനായി. പിറവം പ്രദേശങ്ങളിൽ പുനരൈക്യത്തിന്റെ ശംഖൊലി തീർക്കുവാൻ ദൈവകൃപ ലഭിച്ചു. 1929 ന് വൈദികനായി. 1939 ന് മലങ്കര കത്തോലിക്ക സഭയിലേക്ക് പുനരൈക്യപ്പെട്ടു. 1941ൽ പിറവം സെന്റ് ജോസഫ് ഹൈസ്കൂൾ സ്ഥാപിച്ചു. പിറവം സെന്റ് ജോസഫ് പള്ളിയുടെ ആരംഭകനാണ്. പെരുവ, കളമ്പൂർ, വെളിയനാട്, അഞ്ചൽപ്പെട്ടി ഇടവക സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി. വെളിയനാട് സെന്റ് പോൾസ് സ്കൂൾ തിരുവാണിയൂർ സെന്റ് ഫിലോമിനാസ് സ്കൂൾ എന്നിവയുടെ സ്ഥാപകനുമാണ്. അഞ്ചൽപ്പെട്ടി സ്കൂൾ, കോൺവെന്റ്, പിറവം കോൺവെന്റ്, പിറവം ബോർഡിംഗ് (ഇന്നത്തെ MSM ITI) എന്നിവ തൈക്കാട്ടിലച്ചന്റെ ശ്രമഫലമായി ഉണ്ടായവയാണ്. 1978 മാർച്ച് 13ന് ദൈവസന്നിധിയിലേക്കാനയിക്കപ്പെട്ടു.

"വിയോജിക്കാം വിദ്വേഷമരുത്, വിമൂഢരാവരുത്" എന്ന പ്ലേറ്റോണിയൻ ചിന്താഗതിയും, ഗാന്ധിജിയുടെ സത്യാന്വേഷണവും, വാക്കിലും പ്രവർത്തിയിലും പ്രതിഫലിക്കുന്ന ധാർമ്മികതയും, ദൈവം നൽകിയ അപാരമായ ധൈര്യവും ഗീവറുഗീസ് തോമ്പ്രയച്ചന്റെ മുഖമുദ്രയായിരുന്നു. 1900 മാർച്ച് 16ന് ജനനം. 1922 ആഗസ്റ്റ് 1ന് വൈദികപട്ടം സ്വീകരിച്ചു. 1931 മാർച്ച് 8ന് തിരു മൂലപുരത്തുവച്ച് മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്ക സഭയിലേക്ക് പുനരൈക്യപ്പെട്ടു.

കുന്നക്കുരുടി, പത്താംമൈൽ, പെരുമ്പാവൂർ, കുണ്ടുകാട്, ചേലക്കര, കൊമ്പഴ, നിലമ്പൂർ, തമ്മാനിമറ്റം മുതലായ പള്ളികളുടെ സ്ഥാപകൻ. 1973ൽ പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി. വടക്കൻ മേഖലയിലെ ഒട്ടേറെ വൈദികരെ പുനരൈക്യ പ്രസ്ഥാനത്തിലേക്ക് അടുപ്പിച്ചു. 1986 മാർച്ച് 27ന് നിത്യതയിലേക്ക് ചേർക്കപ്പെട്ടു.

1917 സെപ്റ്റംബർ 8ന് രാമമംഗലത്തെ നെല്ലാട്ട് കുടുംബത്തിൽ കുര്യാക്കോസച്ചൻ ജനിച്ചു. 20-ാം വയസിൽ തിരുപ്പട്ടം സ്വീകരിച്ചു. 1946ൽ പുനരൈക്യപ്പെട്ട് തിരുവല്ല രൂപതയിലെ വിവിധ ദേവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. 1978 ന് ദൈവ സന്നിധിയിലേക്ക് എടുക്കപ്പെട്ടു.

തെക്കേക്കര പനയമ്പാല കുടുംബത്തിൽ ഫാ.റ്റി.വി. ജോൺ ജനിച്ചു. ബാല്യകാല വിദ്യാഭ്യാസം മല്ലപ്പിള്ളിയിലായിരുന്നു. കോട്ടയത്ത് ഹൈസ്കൂൾ വിദ്യാഭ്യാസവും, CMS കോളേജിൽ നിന്നും ഇന്റർമീഡിയറ്റ്. 1910ൽ ശെമ്മാശപ്പട്ടം. 1919 മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും MA ബിരുദം. 1957 മാർച്ച് 17ന് പുനരൈക്യപ്പെട്ടു. 1957ൽ ആലുവ പള്ളി സ്ഥാപിക്കുകയും പുനരൈക്യ ശ്രമങ്ങൾക്ക് വേഗം പകരുകയും ചെയ്തു. 1970ൽ നിത്യതയിലേക്ക് ചേർക്കപ്പെട്ടു.

അകാലത്തിൽ പൊലിഞ്ഞുപോയ ദീപം പോലെ ഓർമ്മകളിൽ സാന്ദ്രമായ മുഖമായിരുന്ന ബഹുമാനപ്പെട്ട ഈപ്പൻ നെച്ചിക്കാട്ടിലച്ചന്റേത്. പിറവത്ത് നെച്ചിക്കാട്ടിൽ ഐപ്പ് പൈലിയുടെയും മറിയത്തിന്റെയും മകനായി 1938 മാർച്ച് 9ന് ജനിച്ചു.

തിരുവല്ല മൈനർ സെമിനാരി റെക്ടറായിരുന്നു. കോട്ടപ്പുറം പള്ളിയുടെ ആരംഭത്തിന് നേതൃത്വം കൊടുത്തു. 1980 ഒക്ടോബർ 27ന് 42-ാമത്തെ വയസിൽ കർത്തൃസന്നിധിയിലേക്ക് ആനയിക്കപ്പെട്ടു.

പുനരൈക്യമെന്ന മഹാപ്രസ്ഥാനത്തിന്റെ കാവൽഭടന്മാരായ സൂര്യതേജസാർന്ന പുരോഹിത ഗണം ഇനിയുമുണ്ട്. വന്ദ്യ. എരമംഗലത്ത് മത്തായി കോർ എപ്പിസ്കോപ്പ, ബഹുമാനപ്പെട്ട മാത്യു ചെരിപ്പുറത്തച്ചൻ, ഡോ. ഏബ്രഹാം ചിരകത്തോട്ടത്തിലച്ചൻ, നടുവിലേടത്തച്ചൻ, സഖറിയാസ് കുമ്പളകുന്നേലച്ചൻ, കോനാട്ട് മാക്കിയിലച്ചൻ, മാത്യൂസ് തുരുത്തേൽ OIC, രാമനാട്ടച്ചൻ, ചാക്കോ കൂട്ടപ്ലാക്കിലച്ചൻ, തറയപ്പൊട്ടക്കലച്ചൻ, വന്ദ്യ. ചേലോടത്തിലച്ചൻ ...... പുനരൈക്യത്തിന്റെ 93-ാം വാർഷികത്തിൽ പൂർവ്വസൂരികളായ വൈദികശ്രേഷ്ഠർക്ക് പ്രണാമം.



# സഭൈക്യവും സുവിശേഷീകരണവും ചില തെറ്റിദ്ധാരണകളും

എബ്രഹാം മാർ ജൂലിയോസ്



മലങ്കര കത്തോലിക്കാ സഭയുടെ വാർഷിക സംഗമം മൂവാറ്റുപുഴ വച്ച് നടക്കുമ്പോൾ, ഈ സഭ എന്തിനുവേണ്ടി നിലകൊള്ളുന്നു, അതിന്റെ മുൻഗണന ഏതു വിഷയത്തിലാണ് എന്നറിയുവാൻ പൊതുജനത്തിന് ആഗ്രഹമുണ്ടാകുമല്ലോ. രണ്ടാം വത്തിക്കാൻ സുന്നഹദോസിന് ശേഷം സഭൈക്യവും സുവിശേഷീകരണവും സംബന്ധിച്ച് ചില തെറ്റിദ്ധാരണകളും ഉടലെടുത്തിട്ടുണ്ട്.

1930ൽ നടന്ന മലങ്കര സഭാ പുനരൈക്യത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടോ? എക്യുമേനിസത്തിന്റെ ഈ കാലഘട്ടത്തിൽ സഭകൾ തമ്മിൽ സൗഹൃദബന്ധം സ്ഥാപിച്ചാൽ പോരേ? അവരവരുടെ സഭയിലെ അംഗത്വം തുടർന്നുകൊണ്ടുതന്നെ യാക്കോബായക്കാരും കത്തോലിക്കരും തമ്മിൽ വിവാഹം കഴിക്കാൻ അനുവദിച്ചിട്ടുണ്ടല്ലോ. പൗരോഹിത്യവും കൂദാശകളും പരസ്പരം അംഗീകരിക്കുന്നു. എല്ലാവരേയും സഭയിൽ ചേർക്കുന്നതിന് പകരം പരസ്പരം നല്ല ബന്ധങ്ങൾ കാത്തു സൂക്ഷിച്ചാൽ പോരേ? ഇതുപോലെയുള്ള ചോദ്യങ്ങൾ നാം ധാരാളം കേട്ടിട്ടുണ്ട്.

കത്തോലിക്ക സഭയുടെ പഠനപ്രകാരം ഒരു വ്യക്തി സഭയ്ക്ക് വി. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയോട് പൂർണ്ണവും ദൃശ്യവും കാനോനികവുമായ സംസർഗ്ഗം (Full, Visible and Canonic Communion) ഉണ്ടായിരിക്കണമെന്നുള്ളത് ദൈവനിശ്ചിതമാണ് (Ut Unum Sint, Para 97). സഭാ സംസർഗ്ഗത്തിന്റെ പരമകാഷ്ഠ പ. കുർബ്ബാനയിലുള്ള സംസർഗ്ഗമാണ്. ഓർത്തഡോക്സ് സഭയും യാക്കോബായ സഭയുമായി നമുക്ക് കുർബ്ബാന സംസർഗ്ഗമില്ല. ആ സമ്പൂർണ്ണ സംസർഗ്ഗത്തിലേക്ക് ഇനിയും നാം എത്തിച്ചേരേണ്ടിയിരിക്കുന്നു.

സുവിശേഷത്തിലെ വിവരണങ്ങൾ അനുസരിച്ച് പന്ത്രണ്ട് പേരുടെ (ശിഷ്യഗണം) തലവൻ പത്രോസാണ്. അവനാണ് ശ്ലീഹാന്മാരുടെ വക്താവ്. എല്ലാ ക്രിസ്തുശിഷ്യരേയും വിശ്വാസത്തിലും ഐക്യത്തിലും ഉറപ്പിക്കുക എന്നതാണ് പത്രോസിന്റെ നിയോഗം (ലൂക്കോ. 22:32). പുരാതന കാലം മുതൽ സഭകൾ തമ്മിൽ തർക്കമുണ്ടാകുമ്പോൾ തീർപ്പ് കല്പിക്കാനായി അവർ റോമിലെ മാർപ്പാപ്പയെയാണ് മദ്ധ്യസ്ഥനായി (Arbitrator) സമീപിച്ചിരുന്നത്. റോമിലെ മെത്രാനാണ് മെത്രാൻ സംഘത്തിന്റെ മുഴുവൻ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും അടയാളം.

പത്രോസ് റോമിൽ പോയി എന്നതിന് ബൈബിളിൽ തെളിവില്ലായെന്ന് പറയുന്നവരുണ്ട്.

1 പത്രോസ് 5:13ൽ നാം വായിക്കുന്നു: 'നിങ്ങളെപ്പോലെ തിരഞ്ഞെടുക്കപ്പെട്ട ബാബിലോണിലെ സഭയും, എന്റെ പുത്രനായ മർക്കോസും നിങ്ങൾക്ക് വന്ദനം പറയുന്നു'. 'ബാബിലോൺ' എന്നത് റോമിനെ സൂചിപ്പിക്കുന്ന വ്യംഗാർത്ഥ പ്രയോഗമായിരുന്നെന്ന് പുതിയനിയമം സാക്ഷിക്കുന്നു (വെളി. 14:8, 16:19, 17:56). മർക്കോസ് പത്രോസിന്റെ ശിഷ്യനും സന്തതസഹചാരിയുമായിരുന്നെന്ന് ചരിത്രം സാക്ഷിക്കുന്നു. പത്രോസ് റോമിലെ തന്റെ അജഗണത്തിന്റെ പ്രതിനിധിയായിട്ടാണ് ഏഷ്യാമൈനറിലുള്ള സഭകൾക്ക് അഭിവാദ്യം അറിയിച്ചത്.

പത്രോസ് റോമിലേക്ക് പോകുന്നതിന് മുമ്പ് ഇടയവൃത്തി നിർവ്വഹിച്ച ജെറുസലേമിലോ, അന്ത്യോഖ്യയിലോ അദ്ദേഹത്തിന്റെ കബറിടമുണ്ടെന്ന് അവിടെയുള്ള വിശ്വാസികൾ അവകാശപ്പെട്ടിട്ടില്ല. വി. പത്രോസ് പൗലോസ് ശ്ലീഹാന്മാരുടെ തിരുനാളിലെ പ്രുമിയോൻ-സെദറാ പ്രാർത്ഥനകളിലും, പതിമൂന്ന് നോമ്പിലെ സന്ധ്യാപ്രാർത്ഥനയിലും പത്രോസും പൗലോസും നീറോ ചക്രവർത്തിയുടെ കാലത്ത് റോമിൽ രക്തസാക്ഷി മരണം പ്രാപിച്ചുവെന്ന് സാക്ഷിക്കുന്നു. അന്ത്യോഖ്യൻ ആരാധനാക്രമം അനുധാവനം ചെയ്യുന്ന കേരളത്തിലെ മൂന്ന് സഭകളും ഒരേ പ്രാർത്ഥനയാണല്ലോ ചൊല്ലുന്നത്.

വി. പത്രോസ് എവിടെ കബറടങ്ങിയോ, അവിടെയാണല്ലോ അദ്ദേഹത്തിന്റെ പിൻഗാമി. അതിനാൽ റോമിലെ മാർപ്പാപ്പയോട് സഭ കാര്യങ്ങളിലുള്ള അനുസരണവും വിധേയത്വവും കത്തോലിക്കാ സംസർഗ്ഗത്തിലുള്ള 24 വ്യക്തിസഭകൾക്കും പറഞ്ഞിട്ടുള്ളതാണ്. അതിൽ വെള്ളം ചേർക്കാൻ പാടില്ല.

സുവിശേഷീകരണത്തെക്കുറിച്ചുള്ള ചില ചിന്താക്കുഴപ്പങ്ങൾ ഉടലെടുത്തിട്ടുള്ളത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളിൽനിന്ന് ചില പ്രസ്താവനകൾ അതിന്റെ പശ്ചാത്തലത്തിൽ നിന്ന് അടർത്തിയെടുത്തപ്പോഴാണ്. ഉദാഹരണമായി-

-കത്തോലിക്കാ സഭയ്ക്ക് പുറമെയും നിത്യരക്ഷ നേടാം (സഭൈക്യം 3)

-സത്യത്തിന്റെയും നന്മയുടെ ബീജങ്ങൾ അക്രൈസ്തവമതങ്ങളിലുണ്ട് (അക്രൈസ്തവ മതങ്ങൾ 2)

-മതപരമായ കാര്യങ്ങളിൽ ഓരോ വ്യക്തിയുടേയും മനസാക്ഷി സ്വാതന്ത്ര്യം ബഹുമാനിക്കണം (മതസ്വാതന്ത്ര്യം 3)

എന്നാൽ വത്തിക്കാൻ കൗൺസിലിന്റെ പൊതുദർശനം അനുസരിച്ച്, നിത്യരക്ഷ പ്രാപിക്കാൻ 'ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ- മനുഷ്യനായ യേശുക്രിസ്തു' (1 തീമോ. 2:5). അവനെ പ്രഘോഷിക്കുക സഭയുടെ ദൗത്യമാണെന്ന് പ്രഖ്യാപിക്കുന്നുണ്ട് (Redemptoris Missio Para 4). 'സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം' (1 കോറി 9:16) എന്ന് പൗലോസ് ശ്ലീഹാ പറഞ്ഞതും 'നിങ്ങളുടെ പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന എല്ലാവരോടും മറുപടി പറയാൻ സദാ സന്നദ്ധരായിരിക്കുവിൻ' എന്ന് പത്രോസ് ശ്ലീഹാ ആഹ്വാനം ചെയ്തതും ഓരേ കാര്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. 'സാഹചര്യങ്ങൾ അനുകൂലമാണെങ്കി ലും പ്രതികൂലമാണെങ്കിലും സുവിശേഷം അറിയിച്ചു കൊണ്ടിരിക്കുക' (2 തിമോ. 4:2)

നവ സുവിശേഷീകരണത്തിന്റെ കാലത്താണ് നാം ജീവിക്കുന്നത്. അക്രൈസ്തവരെ മാത്രമല്ല, പരമ്പരാഗത ക്രിസ്ത്യാനികളെയും നവമായ മാധ്യമങ്ങളിലൂടെയും, നവമായ തീഷ്ണതയിലും നമുക്ക് ലഭിച്ച സദ്വാർത്ത അറിയിക്കണം. എന്തുകൊണ്ടാണ് കത്തോലിക്കർ പുതിയ സെക്റ്റുകളിലേക്ക് ചേക്കേറുന്നത്?

ഇസ്രായേലിൽ മനുഷ്യർ പട്ടിണികൊണ്ട് മരിക്കുമ്പോൾ, സിറിയൻ പട്ടാളം പാലായനം ചെയ്തതിനാൽ ക്യാമ്പിൽ അവശേഷിച്ച വലിയ ഭക്ഷ്യശേഖരം കണ്ടുപിടിച്ച രണ്ട് കുഷ്ഠരോഗികൾ രാത്രിയിൽ രഹസ്യം പറയുന്ന ഒരു വാക്യം ബൈബിളിലുണ്ട്. 'ഇന്ന് സദ്വാർത്തയുടെ ദിവസമാണ്. നാം പ്രഭാതം വരെ മിണ്ടാതിരുന്നാൽ ശിക്ഷയനുഭവിക്കേണ്ടിവരും' (2 രാജ 7:9). 1925ൽ മെത്രാൻ പട്ടത്തിന് ശേഷം ദൈവദാസൻ മാർ ഈവാനിയോസ് നടത്തിയ പ്രസംഗത്തിൽ പറഞ്ഞു. 'സുവിശേഷ വെളിച്ചം സ്വീകരിച്ച സുറിയാനി സഭ അത് പറയിൻ കീഴിൽ ഒളിച്ചുവച്ചിരിക്കുകയായിരുന്നു. ഭാരതത്തിന്റെ സുവിശേഷീകരണത്തിൽ നാം ശ്രദ്ധിച്ചിട്ടില്ല. അതിന് നാം ദൈവസന്നിധിയിൽ കണക്ക് പറയേണ്ടിവരും.'

1919ൽ ബഥനി ആശ്രമവും 1925ൽ ബഥനി മഠവും സ്ഥാപിതമായത് മിഷൻവേലയ്ക്ക് അനുയോജ്യരായ സമർപ്പിതരെ ലഭിക്കുന്നതിന് വേണ്ടിയാണ്. അവർ സ്ഥാപകന്റെ ലക്ഷ്യം സാധിച്ചോയെന്ന് ആത്മശോധന ചെയ്യട്ടെ.

എന്നാൽ സമർപ്പിതർ മാത്രമല്ല, മാമോദീസ സ്വീകരിച്ച എല്ലാ വിശ്വാസികളും പ്രേഷിതരാണ്. കേരളത്തിലെ സുറിയാനി സഭകൾക്ക് ഭാരതത്തിൽ എവിടേയും സ്വന്ത പൈതൃകം അനുസരിച്ച് മിഷൻവേല ചെയ്യുന്നതിനുള്ള അധികാരം പരി. സിംഹാസനത്തിൽ നിന്ന് 2018 മുതൽ നൽകപ്പെട്ടു. ഓരോ രൂപതയ്ക്കും ലഭിച്ചിരിക്കുന്ന മിഷൻ പ്രദേശത്ത് മലങ്കര കത്തോലിക്കാ സഭയുടെ ശതാബ്ദിക്ക് മുമ്പായി പ്രേഷിത പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുണ്ട്.

പന്ത്രണ്ട് ക്ലാസ് വേദപഠനം പൂർത്തിയാക്കിയ യുവതീയുവാക്കൾ പ്രേമത്തിൽ വീണ് കഴിയുമ്പോൾ ഏത് ജാതിയിലും മതത്തിലും ഉള്ളവരെ വിവാഹം ചെയ്യാൻ സന്നദ്ധരാകുന്നു. വേണ്ടിവന്നാൽ മതം ഉപേക്ഷിക്കുവാനും. ഐഎസ്എസ് പോലുള്ള ഭീകരസംഘടനകൾക്കു വേണ്ടി പ്രവർത്തിക്കുവാനും തയ്യാ റാകുന്നത് എന്തുകൊണ്ട്?

"They are catechised but not evangelized

They are baptised, not sacramentalized"

അവർക്ക് മതവിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്, പക്ഷേ, സുവിശേഷീകരിക്കപ്പെട്ടിട്ടില്ല. അവർ മാമ്മോദീസാ സ്വീകരിച്ചിട്ടുണ്ട്, എന്നാൽ കൂദാശപരമായ ജീവിതം നയിക്കുന്നില്ല.

നമ്മുടെ ലക്ഷക്കണക്കിന് യുവതീയുവാക്കൾ വിദേശങ്ങളിലേക്ക് കുടിയേറുന്ന കാലമാണ്. ഇവിടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും പള്ളിയുടെയുമൊക്കെ നിയന്ത്രണമുണ്ട്. എന്നാൽ വേരുപറിഞ്ഞ് പോകുന്ന യുവതീയുവാക്കളുടെ മതപരവും ധാർമ്മികവുമായ ഭാവി എന്തായിരിക്കും? ഇതിനെക്കുറിച്ചും സഭയായി ചിന്തിക്കുവാനുള്ള കാലമായി.

ക്രിസ്തുവുമായി വ്യക്തിബന്ധം സ്ഥാപിക്കുവാനും, അവനെ സ്വന്തമാക്കുന്നത് ഒരു ഭാഗ്യമായി കാണാനും സഹായിക്കുന്നതാണ്, സുവിശേഷീകരണത്തിന്റെ സത്തയും സാരാംശവും.

*Best compliments from,*



***Mr. Moncy, Mrs Molly V.M. & Family,***
*Cherupushpa Vilasom*

# കാലം കാത്തിരുന്ന സൂര്യോദയം



ഡോ. ജോർജ് ഓണക്കൂർ

ചരിത്രവഴികളിലൂടെ ഒരു ശതാബ്ദം പിന്നോട്ടു സഞ്ചരിക്കുമ്പോൾ അവിസ്മരണീയമായ അനുഗൃഹീത സൂര്യോദയം എങ്ങും പ്രകാശം ചൊരിയുന്നതായി അനുഭവപ്പെടും. അസ്വസ്ഥത നിറഞ്ഞ മലങ്കരസഭ; സഭാചരിത്രത്തിൽ കാലിടറി വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചുപോയ സമൂഹങ്ങളുടെ തമോമയമായ ജീവിതപഥങ്ങൾ. പാരമ്പര്യങ്ങൾ എണ്ണിപ്പറയാനുണ്ട്; എങ്കിലും ഒരു ജനതയായി ഏക ദൈവവിശ്വാസത്തിൽ ഉറച്ച് നിന്ന് പുരോഗതിയുടെ നക്ഷത്രപാതയിലൂടെ യാത്ര ചെയ്യാൻ കഴിയാതെ പോയ ജനസമൂഹം. തമ്മിൽ മത്സരിച്ചും സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കാൻ ബദ്ധപ്പെട്ടും ഉഴറിയവർക്ക് ദൈവവിശ്വാസവും ആത്മജ്ഞാനവും അന്യമായിത്തീർന്നു. ചെറിയകാര്യങ്ങളിൽ കലഹങ്ങളുണ്ടാകുകയും നിസാരമായ പദവികളുടെയും ധനസമാഹരണത്തിന്റെയും വ്യാമോഹങ്ങളിൽ ശാന്തി നഷ്ടമാകുകയും ചെയ്ത അവസ്ഥാന്തരങ്ങൾ. അതിനിടയിൽ ദൈവസമ്പാദനത്തിനുള്ള അന്വേഷണം അന്യമായിത്തീർന്നു. ദൈവജനം എന്ന് അവകാശപ്പെട്ടവർ പലസമൂഹങ്ങളായിത്തിരിഞ്ഞ് തമ്മിൽ പോരടിച്ചു. ആരും വിജയിക്കാത്ത അത്തരം പോരാട്ടങ്ങളിൽ ബാക്കിയായത് ഹൃദയഭേദകമായ അശാന്തി മാത്രം.

ഈ ഘട്ടത്തിലാണ് സഭാന്തരീക്ഷത്തിൽ സമാധാനത്തിന്റെ സൂര്യതേജസ് അനുഭവവേദ്യമാക്കുന്നതിനുള്ള സമാലോചനകൾ ശക്തിപ്പെട്ടത്. മലങ്കര സഭയിലെ സൂന്നഹദോസുകൾ എങ്ങനെ സഭൈക്യം സാദ്ധ്യമാക്കാനാകും എന്ന് ഇടയ്ക്കിടെ ആലോചനകൾ നടത്തി. സഭാചരിത്രത്തിൽ നിർണ്ണായക ഘട്ടം ആവിർഭവിക്കുകയായിരുന്നു. അന്തോക്യയിലെ യാക്കോബായ പാത്രിയാർക്കീസ് മലങ്കര സഭയുടെ ആഭ്യന്തര ഭരണ കാര്യങ്ങളിൽ അപകടരമായി ഇടപെടാൻ തുടങ്ങി. തുർക്കി സുൽത്താന്റെ അധികാരസീമക്കുള്ളിൽ ഒതുങ്ങിനിന്ന് മലങ്കര സഭയെ നിയന്ത്രിക്കാനുള്ള യത്നം പലഘട്ടങ്ങളിലും അപഹാസ്യമായിത്തീർന്നു. ആദ്ധ്യാത്മിക കാര്യങ്ങളിൽ നിന്ന് വ്യതി ചലിച്ച് സഭയുടെ സമ്പത്തും ആത്മാഭിമാനവും നഷ്ടപ്പെടുന്ന തലത്തിലേക്ക് അധപ്പതിക്കാൻ അനുവദിക്കുകയില്ലെന്ന് മലങ്കര സഭാനേതൃത്വം വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ശപഥം ചെയ്തു. ഈ നിലപാടിനെ ശക്തമായി അനുകൂലിക്കുകയും പ്രതിസന്ധികളെ തരണം ചെയ്ത് ആഭ്യന്തരസ്വാതന്ത്ര്യവും ഐക്യവും നിലനിർത്തുന്നതിന് പ്രതിജ്ഞാബദ്ധനായി പ്രവർത്തിക്കുകയും ചെയ്തത് ഉന്നത വിദ്യാസമ്പന്നനായ ഗീവർഗ്ഗീസ് മാർ ഇവാനിയോസ് തിരുമേനിയാണ്. മലങ്കര സഭയിലെ വൈദികരിൽ നിന്ന് ആദ്യമായി എം.എ. ബിരുദം നേടിയ മഹാത്മാവായിരുന്നു അദ്ദേഹം. സഭയിൽ കലഹങ്ങളുടെ കാർമേഘം ഒഴിവാക്കി സമാധാനത്തിന്റെ സൂര്യവെളിച്ചം അനുഭവപ്പെടുത്തുന്നതിന് ദൈവനിയോഗിതനായ പുണ്യാത്മാവായിരുന്നു അദ്ദേഹം. അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ അധികാര നുകത്തിൽ നിന്ന് സ്വയം വിമോചിനായി സ്വാതന്ത്ര്യത്തിന്റെ ശാന്തി മലങ്കരയിൽ അനുഭവപ്പെടുത്തുന്നതിന് കാലം കണ്ടെത്തിയ ദിവ്യ ചൈതന്യമായിരുന്നു അദ്ദേഹം.

അപൂർവ്വ മഹിമയാർന്ന മാർ ഇവാനിയോസിന്റെ വ്യക്തിത്വ രൂപീകരണത്തിന്റെ വേറിട്ട ധാരകൾ വിവരിക്കുന്നില്ല. സൂക്ഷ്മചിന്തകളിൽ ആ മഹാത്മാവിന് സംസിദ്ധമായിരുന്ന മഹത്വത്തിന്റെ കിരണങ്ങൾ കണ്ടെത്താനാകും. മലങ്കരസഭയിൽ ആദ്യമായി ഉന്നതവിദ്യഭ്യാസത്തിന്റെ പ്രകാശം പ്രസരിപ്പിച്ചത് അദ്ദേഹമാണ്. അതുപോലെ സന്ന്യാസത്തിന്റെ അനുഗൃഹീത വഴികളും അദ്ദേഹം കണ്ടെത്തി, വികസിപ്പിച്ചു. ഉന്നത വിദ്യാഭ്യാസകാംക്ഷയുള്ള യുവാക്കൾക്ക് പഠനാവസരങ്ങൾ ഒരുക്കി. അവരെ ഭാരതീയ സന്ന്യാസത്തിന്റെ മഹത്തായ വഴികളിലേക്ക് ശ്രദ്ധാപൂർവ്വം നയിച്ചു. കാവിയുടുപ്പ് ധരിച്ചും മാംസാഹാരമുപേക്ഷിച്ചും തപശ്ചര്യകൾ പുലർത്തിയും സന്ന്യാസത്തിന്റെ ഭാരതീയമുഖം മലങ്കര സഭയ്ക്ക് അദ്ദേഹം പരിചയപ്പെടുത്തി. അതോടൊപ്പം ദൈവസന്നിധിയിൽ സ്വയം സമർപ്പിച്ച് മനുഷ്യസേവനം നടത്തുന്നതിന് വിദ്യാസമ്പന്നരായ ഏതാനും സ്ത്രീജനങ്ങളെ കണ്ടെത്താനുള്ള ദൈവഹിതവും അദ്ദേഹം തിരിച്ചറിഞ്ഞു. മലങ്കര സഭയിൽ തീരെ അപരിചിതമായിരുന്ന സ്ത്രീകളുടെ സന്ന്യാസത്തിന് അദ്ദേഹം നേർവഴി തെളിച്ചു. ബഥനി സന്ന്യാസ-സന്ന്യാസിനീ സമൂഹങ്ങൾ ഗീവർഗ്ഗീസ് മാർ ഇവാനിയോസ് തിരുമേനിയുടെ ആശ്രമ സങ്കല്പനത്തിൽ വ്യക്തത കൈവരിച്ചു. ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹങ്ങളുടെ ചരിത്രോദയം സംഭവിക്കുകയായിരുന്നു. താൻ ജനിച്ചു വളർന്ന സമൂഹത്തിൽ മറ്റു മഹാപുരോഹിതന്മാരുടെ സഹകരണത്തോടെ സമാരംഭിച്ച സന്ന്യാസ സമൂഹങ്ങൾ മാനവസേവയ്ക്കും ദൈവ ശുശ്രൂഷയ്ക്കും ഒരുപോലെ പ്രാധാന്യം കല്പിച്ചു.

കാലാന്തരത്തിൽ മാർ ഇവാനിയോസും അദ്ദേഹം സമാരംഭിച്ച ബഥനി പ്രസ്ഥാനവും എത്ര കഠിനയത്നങ്ങൾ നടത്തിയാലും മലങ്കര സഭയിൽ ശാശ്വത സമാധാനം സാദ്ധ്യമാകുകയില്ല എന്ന് തിരിച്ചറിഞ്ഞു. അപ്പസ്തോലിക സഭാസമൂഹങ്ങളോട് നേരിട്ട് ബന്ധപ്പെട്ട് ക്രിസ്തുവിന്റെ രക്ഷാകര ദൗത്യം പൂർണ്ണമായി നിറവേറ്റുക തന്നെ വേണം എന്ന ദൈവവിളി മാർ ഇവാനിയോസിന്റെ സത്യാന്വേഷണത്തെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായാണ് ഏകവും പരിശുദ്ധവും അപ്പസ്തോലികവുമായ സത്യസഭാസമൂഹത്തോട് ബന്ധപ്പെടാൻ മറ്റ് മഹാപുരോഹിതന്മാരുടെ സമ്മതത്തോടെ ശ്രമമാരംഭിച്ചത്. അതിന്റെ ഫലസമാപ്തി സംജാതമാകുന്ന ഘട്ടത്തിൽ ഭയന്നും പലവിധ പ്രലോഭനങ്ങളിൽ ഉലഞ്ഞും ഒപ്പം നിന്നവർ പിൻവാങ്ങിയപ്പോൾ ഏകനായി ധീരതയോടെ മാതൃസഭയുമായി പുനരൈക്യപ്പെടുന്നതിന് മാർ ഇവാനിയോസ് ധീരത കാട്ടി. അങ്ങനെയാണ് 1930 സെപ്തംബർ 20-ന് തിരുമേനി സഭൈക്യത്തിന് സ്വയം സമർപ്പിച്ചത്. ചരിത്രത്തിൽ കൊണ്ടാടപ്പെടുന്ന മഹാസുദിനം. ഒരു കൈവിരലുകളിൽ മാത്രം എണ്ണിത്തീർക്കാവുന്ന അനുയായികളോടെ വളരെ വിനയപൂർവ്വം സമാരംഭിച്ച സഭൈക്യപ്രസ്ഥാനം. വിശുദ്ധ ബലിയർപ്പിക്കുന്നതിന് സ്വന്തമായി ഒരു ദേവാലയമില്ല. സ്ഥാപനങ്ങളോ സമ്പത്തോ ഒന്നുമില്ല. നിശൂന്യതയിൽ നിന്ന് മാർ ഇവാനിയോസ് രൂപം നൽകി വികസിപ്പിച്ചെടുത്ത മഹാ പ്രസ്ഥാനം തൊണ്ണൂറ്റിമൂന്ന് സംവത്സരം പിന്നിടുമ്പോൾ അതിവേഗം വളരുന്ന സ്വതന്ത്ര സഭാസമൂഹമായി. മലങ്കര ആരാധനക്രമം അഭംഗുരം പുലർത്തിക്കൊണ്ട് ഭാരതത്തിനും ആഗോളസഭയ്ക്കും മഹത്തായ മാതൃക സൃഷ്ടിച്ച് പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് യാത്ര ചെയ്യുന്നു.

കഷ്ടിച്ച് ഏഴുവർഷം കൂടി പിന്നിടുമ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭ ശതാബ്ദി നിറവിൽ ആദരിക്കപ്പെടും. ചരിത്രത്തിലെ മഹത്തായ മുഹൂർത്തത്തിന് കാലം സാക്ഷിയാകും. അഞ്ചുലക്ഷത്തിലേറെ വരുന്ന സഭാംഗങ്ങളായ ദൈവജനം കൈവരിച്ച പുരോഗതി ഒരു ചരിത്രവിസ്മയമാണ്. അപൂർവ്വ സുന്ദരമായ ഈ ഐതിഹാസികാനുഭവം സമ്മാനിക്കുന്നതിന് ദൈവജനവും അവരെ നയിക്കുന്ന സന്ന്യാസ സമൂഹങ്ങളും വൈദികരും മഹാപുരോഹിതന്മാരുമൊക്കെ മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. അവരുടെ ചരിത്രസ്മൃതികളിലൂടെ സൂക്ഷ്മമായി യാത്രചെയ്ത് കൃത്യമായ അനുഭവ വിവരണങ്ങൾ കാലത്തിനുവേണ്ടി കരുതിവയ്ക്കാൻ ഒട്ടും വൈകാതെ താല്പര്യമെടുത്തേ മതിയാകൂ. അതിനാവശ്യമായ ഗവേഷണ പഠനങ്ങൾ വൈകിക്കൂടാ. അതോടൊപ്പം സർവ്വരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു സ്വപ്നം കൂടി സഫലമാകണം. അത് സഭാപിതാവായ മാർ ഇവാനിയോസ് തിരുമേനിയെ വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെടുത്തി ഭാരതസഭയെ ധന്യമാക്കുകയെന്ന കാലത്തിന്റെ പ്രാർത്ഥനയുടെ നിറവേറൽ കൂടിയാണ്.

സുദർശന, നാലാഞ്ചിറ
തിരുവനന്തപുരം 695015
ഓഗസ്റ്റ് 31, 2023
9447521162

## സപ്ലിമെന്റ് കോർഡിനേറ്റേഴ്സ്



V. REV. FR. THOMAS NJARAKKATT, COR EPISCOPA
REV. FR. THOMAS VETTIKKATTIL
REV. FR. ANTONY VENGANILKKUNNATHIL
EDIZON G. VARGHESE
V.C. GEORGEKUTTY
SHIBU PANACHIKKAN
ABISH KOORAPPILLIL

THE LARGEST MEDICAL FRATERNITY in Central Travancore

SPECIALITY DEPARTMENTS

17 — General Medicine | Psychiatry | General Surgery | Anaesthesiology | OBG | ENT Dermatology & Venereology | Radio diagnosis | Paediatrics | Pulmonary Medicine Orthopeadics | Emergency Medicine | PMR | Ophthalmology | Dentistry | Geriatric Medicine | Pain & Palliative Care

OUR SUPER SPECIALITY DEPARTMENTS

18 — Endocrinology | Neurosurgery | Paediatric Surgery | Urology | Cardiology | Rheumatology | Nephrology | Plastic & Cosmetic Surgery | Gastroenterology | Medical oncology | Cardiovascular & Thoracic Surgery | Neonatology | Neuro Medicine | Surgical Gastroenterology | Surgical oncology | Maxillofacial Surgery | Critical Care | Child Development

NON CLINICAL & PARA CLINICAL

08 — Anatomy | Forensic Medicine | Pharmacology | Community Medicine Physiology | Pathology | Microbiology | Biochemistry

Emergency : +91 9447764722 | Booking : 0469-2700020/22 | care@pushpagiri.in



PUSHPAGIRI MEDICAL COLLEGE HOSPITAL

FOLLOW US NOW



നിങ്ങളുടെ സമ്പാദ്യം മികച്ച പലിശനിരക്കിൽ സുരക്ഷിതമായി നിക്ഷേപിക്കുവാൻ...

FIXED DEPOSITS | SAVINGS ACCOUNT
RECURRING DEPOSITS | LONG TERM INVESTMENT

50 ലക്ഷം വരെ ലോൺ സൗകര്യവും...

Members will be getting returns 12.50% on their investments

9072590903, 9072591104
Toll-free : 1800 313 1223

വജ്രാഭരണ വായ്പാ സൗകര്യവുമായി
DIAMOND LOAN ON WHEELS
നിങ്ങളുടെ വീട്ടുപടിക്കലെത്തുന്നു
ഇനി മുതൽ ഗോൾഡ് ലോൺ മാത്രമല്ല
ഡയമണ്ട് ലോണും!
1 കാരറ്റ് വജ്രത്തിന്
2.5 ലക്ഷം വരെ വായ്പ
വജ്രാഭരണ വായ്പാ പദ്ധതിയെ കുറിച്ച് കൂടുതൽ അറിയാൻ വിളിക്കൂ...
9072591015







Terms & Condition Apply

LIBERTY THROUGH CO OPERATION

MALANKARA CREDIT SOCIETY LTD
REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN., THRISSUR, KERALA-680004
REG. NO. MSCS/CR/297/2008
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED
Registered Under
MINISTRY OF CO-OPERATION, GOVT. OF INDIA



BOCHE
(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace

Members only

www.mmsccs.com | info@mmsccs.com | Toll-free: 1800 313 1223